# അനുവർത്തന ഓഡിറ്റ്

# അദ്ധ്യായം IV
# അനുവർത്തന ഓഡിറ്റ്

## *തെരഞ്ഞെടുത്ത വിഷയങ്ങളുടെ ഓഡിറ്റ്*

## തൊഴിൽ നൈപുണ്യ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്

### 4.1. സർക്കാർ വ്യവസായിക പരിശീലന സ്ഥാപനങ്ങളുടെ ആധുനിക വത്കരണവും നവീകരണവും

#### 4.1.1. അവതാരിക

ഇന്ത്യൻ ഭരണഘടനയുടെ (എൻട്രി 25) സമകാലിക പട്ടികയുടെ ഭാഗമാണ് തൊഴിലാളികളുടെ തൊഴിൽ പരിശീലനവും സാങ്കേതിക പരിശീലനവും. രാജ്യത്തെ തൊഴിലാളികളുടെ സാങ്കേതിക പരിശീലനത്തിന് കേന്ദ്രസർക്കാറിന്റെ (ജിഒഐ) തൊഴിൽ മന്ത്രാലയം ഉത്തരവാദിയാണ്. സംസ്ഥാന തലത്തിൽ ഈ ഉത്തരവാദിത്വം തൊഴിലും നൈപുണ്യവും വകുപ്പിൽ നിക്ഷിപ്തമാണ്. ആഭ്യന്തര വ്യവസായത്തിനായുള്ള വിവിധ ട്രേഡുകളിൽ വിദഗ്ദ്ധ തൊഴിലാളികളുടെ സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിനും രാജ്യത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് ആവശ്യമായ നിപുണരായ മാനവവിഭവശേഷി ലഭ്യമാക്കുന്നതിനുമായി വിവിധ വൊക്കേഷണൽ ട്രേഡുകളിൽ നൈപുണ്യം നൽകുന്നതിന് സംസ്ഥാനങ്ങളിൽ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ (ഐടിഐ) സ്ഥാപിച്ചുകൊണ്ട് 1950-ൽ കേന്ദ്രസർക്കാർ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സ്കീം ആരംഭിച്ചു. സംസ്ഥാനങ്ങളിലെ ഐടിഐകളുടെ ദൈനംദിന ഭരണം 1956-ൽ സംസ്ഥാന സർക്കാരുകൾക്ക് കൈമാറിയപ്പോൾ, ഐടിഐകളുടെ സാമ്പത്തിക നിയന്ത്രണം 1969 ഏപ്രിലിൽ സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് മാനദണ്ഡങ്ങൾ കൈവരിക്കാൻ ഐടിഐകളെ പ്രാപ്തരാക്കാൻ വേണ്ടി ഐടിഐകളുടെ ആധുനിക വത്കരണത്തിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ബജറ്റ് വിഹിതം നൽകുക, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, ഹോസ്റ്റൽ സൗകര്യങ്ങൾ നൽകുക, പണിയായുധങ്ങൾ ഉപകരണങ്ങൾ എന്നിവ സംഭരിക്കുക തുടങ്ങിയതിന് വാർഷിക ധനസഹായം കേരളസർക്കാർ (ജിഒകെ) പരിശീലന ഡയറക്ടറേറ്റിന് നൽകി. സെന്റർ ഓഫ് എക്സലൻസ് (സിഒഇ) ആയി നവീകരിക്കുന്നതിന് 38 ഐടിഐകളെ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തു. 2018 മാർച്ച് 31 വരെ സംസ്ഥാനത്ത് 137 സർക്കാർ ഐടിഐകളും 486 സ്വകാര്യ ഐടിഐകളും ഉണ്ടായിരുന്നു. 137 സർക്കാർ ഐടിഐകളിൽ വനിതകൾക്ക് വേണ്ടിയുള്ള 14 ഐടിഐകൾ ഉൾപ്പെടെയുള്ള 91 ഐടിഐകളും വ്യവസായ പരിശീലന വകുപ്പിന്റെ (ഐടിഡി) നിയന്ത്രണത്തിലായിരുന്നു. കൂടാതെ, പട്ടികജാതി വികസനവകുപ്പിന്റെ (എസ്സിഡിഡി) കീഴിൽ 44 ഐടിഐകളും പട്ടികവർഗ്ഗവികസന വകുപ്പിന്റെ (എസ്ടിഡിഡി) കീഴിൽ രണ്ട് ഐടിഐകളുമാണ് ഉള്ളത്.

#### 4.1.2. ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ, വ്യാപ്തി, സമ്പ്രദായം

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻസിവിടി) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാനത്തെ സർക്കാർ ഐടിഐകൾ 2013-18 കാലയളവിൽ പ്രവർത്തിച്ചിരുന്നോയെന്ന് പരിശോധിക്കാൻ 2018 മേയ് മുതൽ ആഗസ്റ്റ് വരെ അനുവർത്തന ഓഡിറ്റ് നടത്തി. കോഡുകൾ, മാനുവലുകൾ, നിയമങ്ങൾ എന്നിവയിൽ കേരളസർക്കാർ/കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള

സാമ്പത്തിക മാനദണ്ഡങ്ങൾ ഐടിഡി, എസ്സിഡിഡി, എസ്ടിഡിഡി എന്നിവ പാലിക്കുന്നുണ്ടോയെന്നും ഓഡിറ്റ് പരിശോധിച്ചു.

ഓഡിറ്റിന്റെ വ്യാപ്തിയും സമ്പ്രദായവും ചർച്ച ചെയ്യുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, പരിശീലന ഡയറക്ടർ, മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുമായി 2018 ഏപ്രിൽ 25-നടന്ന പ്രാരംഭ കൂടിക്കാഴ്ചയോടെ അനുവർത്തന ഓഡിറ്റ് ആരംഭിച്ചു. പ്രാരംഭ കൂടിക്കാഴ്ചയിൽ തിരുവനന്തപുരം ജില്ലയെ ഓഡിറ്റിൽ നിന്ന് ഒഴിവാക്കണമെന്നും പകരം സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ നിന്ന് ഒരു ജില്ലയെ ഉൾപ്പെടുത്തണമെന്നുമുള്ള പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് മലപ്പുറം ജില്ലയെ ഓഡിറ്റിനായി പരിഗണിച്ചു. ബാക്കിയുള്ള പതിമൂന്ന് ജില്ലകളിൽ നിന്ന് കൊല്ലം. ഇടുക്കി, എറണാകുളം എന്നീ മൂന്ന് ജില്ലകളെ സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് ടെക്നിക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു. ഈ ജില്ലകളിലെ എല്ലാ 32 ഐടിഐകളെയും (ഐടിഡിക്ക് കീഴിൽ 23, എസ്സിഡിഡിക്ക് കീഴിൽ എട്ട്, എസ്ടിഡിഡിക്ക് കീഴിൽ ഒന്ന്)[45] വിശദമായ പരിശോധനയ്ക്കായി തെരഞ്ഞെടുത്തു. തൊഴിലും നൈപുണ്യവും വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ അവയ്ക്കു കീഴിലുള്ള ഡയറക്ടറേറ്റുകൾ എന്നിവയുടെ രേഖകളും ഓഡിറ്റിൽ പരിശോധിച്ചു. തെരഞ്ഞെടുത്ത 32 ഐടിഐകളുടെ സംയുക്ത ഭൗതിക പരിശോധനയും (ജോയിന്റ് ഫിസിക്കൽ വെരിഫിക്കേഷനും) ഓഡിറ്റിൽ ഉൾപ്പെട്ടിരുന്നു.

അനുവർത്തന ഓഡിറ്റിന്റെ അന്തിമ കൂടിക്കാഴ്ച 2018 ഡിസംബർ 21-ന് നടത്തി. അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ സർക്കാർ ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച ചെയ്തു.

### ഓഡിറ്റ് കണ്ടെത്തലുകൾ

2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ മൂന്ന് വകുപ്പുകൾക്കും കീഴിലുള്ള ഐടിഐകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധിക്കുന്ന പ്രവണത കണ്ടു (25 ശതമാനം). ട്രെയിനികളുടെ കൊഴിഞ്ഞുപോക്ക് 2013-14-ൽ 14.97 ശതമാനത്തിൽ നിന്ന് 2016-17-ൽ 11.85 ശതമാനമായി കുറഞ്ഞു. ഈ ഐടിഐകളിലൂടെ പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധിക്കുന്ന (2013-16 കാലയളവിൽ 19 ശതമാനം വർദ്ധനവ്) പ്രവണതയുണ്ടായി. ഐടിഐ കോഴ്സുകൾക്ക് ആവശ്യക്കാർ കൂടുന്നുണ്ടെങ്കിലും, കേന്ദ്രസർക്കാർ വിഭാവനം ചെയ്തതുപോലെ ഐടിഐകളുടെ ആധുനികവത്കരണവും നവീകരണവും കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇത് തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്തിരിക്കുന്നു.

### ഐടിഐകളുടെ ആധുനികവത്കരണം

#### 4.1.3. എൻസിവിടി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കൽ

ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗിന് മാനദണ്ഡങ്ങളും പാഠ്യപദ്ധതികളും നിർദ്ദേശിക്കുന്നതിനും മൊത്തത്തിലുള്ള നയങ്ങളെയും പരിപാടികളെയും കുറിച്ച് കേന്ദ്രസർക്കാരിനെ ഉപദേശിക്കുന്നതിനും അഖിലേന്ത്യാ ട്രേഡ് പരീക്ഷണങ്ങൾ നടത്തുന്നതിനും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻടിസി) നൽകുന്നതിനുമായി കേന്ദ്രസർക്കാർ രൂപീകരിച്ച (1956) ഒരു ഉപദേശക സമിതിയാണ് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻസിവിടി). സംസ്ഥാന തലത്തിൽ, സംസ്ഥാന കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്സിവിടി) സംസ്ഥാനത്തൊട്ടാകെയുള്ള തൊഴിൽ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നു.

[45] ലാക്ഷണിക പരിശോധന നടത്തിയ ഐടിഐകളുടെ പേരുകൾ **അനുബന്ധം 4.1**-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

സർക്കാരോ സ്വകാര്യ ഏജൻസികളോ നടത്തുന്ന പരിശീലന സ്ഥാപനങ്ങൾ അവ വാഗ്ദാനം ചെയ്യുന്ന ട്രേഡുകൾക്ക് അഫിലിയേഷൻ ലഭിച്ചതിനുശേഷം ട്രെയിനികൾക്ക് എൻടിസികൾ നൽകണമെന്നാണ് എൻസിവിടി മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നത്.

ഉദ്യോഗസംബന്ധമായ ആവശ്യങ്ങൾക്ക് ദേശീയ/അന്തർദേശീയ അംഗീകാരം എൻടിസിയ്ക്ക് ഉണ്ട്. കേരളത്തിൽ എൻസിവിടി അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകളിലും ഐടിഐകൾ പരിശീലനം വാഗ്ദാനം ചെയ്യുന്നു. അത്തരം ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് എൻസിവിടി അഫിലിയേറ്റഡ് ട്രേഡുകൾക്ക് തുല്യമായ സിലബസാണ് പിന്തുടരുന്നതെങ്കിലും എസ്‌സിവിടി സർട്ടിഫിക്കറ്റുകളാണ് നൽകുന്നത്. ഐടിഐകളുടെ വിശദാംശങ്ങളും പഠനത്തിനായി വാഗ്ദാനം ചെയ്യുന്ന ട്രേഡുകളുടെ സ്വഭാവവും **പട്ടിക 4.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.1: ഐടിഐകൾ വാഗ്ദാനം ചെയ്യുന്ന ട്രേഡുകളുടെ വിശദാംശങ്ങൾ**

| വകുപ്പ് | ആകെ ഐടിഐകൾ | എൻസിവിടി ട്രേഡുകൾ മാത്രം വാഗ്ദാനം ചെയ്യുന്ന ഐടിഐകൾ | എസ്‌സിവിടി ട്രേഡുകൾ മാത്രം വാഗ്ദാനം ചെയ്യുന്ന ഐടിഐകൾ | എസ്‌സിവിടി, എൻസിവിടി ട്രേഡുകൾ വാഗ്ദാനം ചെയ്യുന്ന ഐടിഐകൾ |
|---|---|---|---|---|
| ഐടിഡി | 91 | 6 | 53 | 32 |
| എസ്‌സിഡിഡി | 44 | 35 | 3 | 6 |
| എസ്ടിഡിഡി | 2 | 1 | 0 | 1 |
| **ആകെ** | **137** | **42** | **56** | **39** |

*(അവലംബം: ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ)*

ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകളിൽ, ഒമ്പത് ഐടിഐകൾ എൻസിവിടി അഫിലിയേറ്റഡ് ട്രേഡുകൾ മാത്രം വാഗ്ദാനം ചെയ്തിരുന്നു, 11 ഐടിഐകൾ എസ്‌സിവിടി അഫിലിയേറ്റഡ് ട്രേഡുകൾ മാത്രം വാഗ്ദാനം ചെയ്തിരുന്നു, 12 ഐടിഐകൾ എൻസിവിടിയും എസ്‌സിവിടിയും അഫിലിയേഷനുള്ള ട്രേഡുകൾ വാഗ്ദാനം ചെയ്തിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകളിലൊന്നും തന്നെ നിശ്ചിത എൻസിവിടി ആവശ്യകതകൾ പാലിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എൻസിവിടിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐടിഐകളിൽ പോലും ആവശ്യമായ സൗകര്യങ്ങൾ ഇല്ലെന്നും നിരീക്ഷിക്കപ്പെട്ടു. കൂടാതെ, എസ്‌സിവിടി അഫിലിയേറ്റഡ് ട്രേഡുകൾ വാഗ്ദാനം ചെയ്യുന്ന 11 ഐടിഐകൾക്ക്, മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെങ്കിലും, എൻസിവിടി അഫിലിയേഷൻ അനുവദിച്ചു (ആഗസ്റ്റ്, സെപ്റ്റംബർ 2018).

2013-18 കാലയളവിൽ സംസ്ഥാനത്തെ ഐടിഡി, എസ്‌സിഡിഡി, എസ്ടിഡിഡി എന്നിവയ്ക്കു കീഴിലുള്ള 137 ഐടിഐകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധിച്ചു. **പട്ടിക 4.2**-ൽ കാണിച്ചിരിക്കുന്നതുപോലെ എൻസിവിടിയുമായി ബന്ധപ്പെട്ട ട്രേഡുകളിലേക്ക് 62,629 വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 31,734 വിദ്യാർത്ഥികൾ എസ്‌സിവിടി അഫിലിയേറ്റഡ് ട്രേഡുകളിൽ പ്രവേശനം നേടി.

**പട്ടിക 4.2: സംസ്ഥാനത്തെ ഐടിഐകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ**

| പ്രവേശന വർഷം | അനുവദിച്ച ആകെ എണ്ണം | എൻസിവിടി അഫിലിയേഷനുള്ള ട്രേഡുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | | | എസ്‌സിവിടി അഫിലിയേഷനുള്ള ട്രേഡുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | | | ഒഴിഞ്ഞ സീറ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| | | അനുവദിച്ചത് | പ്രവേശിച്ചത് | ഒഴിഞ്ഞു കിടക്കുന്നത് | അനുവദിച്ചത് | പ്രവേശിച്ചത് | ഒഴിഞ്ഞു കിടക്കുന്നത് | |
| **വ്യവസായ പരിശീലന വകുപ്പിന് കീഴിലുള്ള ഐടിഐകൾ** | | | | | | | | |
| 2013-14 | 17614 | 12403 | 11231 | 1172 | 5211 | 4763 | 448 | 9.20 |
| 2014-15 | 17530 | 11894 | 10913 | 981 | 5636 | 5124 | 512 | 8.52 |
| 2015-16 | 18280 | 11052 | 10527 | 525 | 7228 | 6075 | 1153 | 9.18 |
| 2016-17 | 19328 | 12155 | 11712 | 443 | 7173 | 6694 | 479 | 4.77 |
| 2017-18 | 20832 | 12191 | 11788 | 403 | 8641 | 8172 | 469 | 4.19 |

| പ്രവേശന വർഷം | അനുവദിച്ച ആകെ എണ്ണം | എൻസിവിടി അഫിലിയേഷനുള്ള ട്രേഡുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | | | എസ്സിവിടി അഫിലിയേഷനുള്ള ട്രേഡുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | | | ഒഴിഞ്ഞ സീറ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| | | അനുവദിച്ചത് | പ്രവേശിച്ചത് | ഒഴിഞ്ഞു കിടക്കുന്നത് | അനുവദിച്ചത് | പ്രവേശിച്ചത് | ഒഴിഞ്ഞു കിടക്കുന്നത് | |
| **പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐടിഐകൾ** | | | | | | | | |
| 2013-14 | 1386 | 1282 | 1204 | 78 | 104 | 100 | 4 | 5.92 |
| 2014-15 | 1365 | 1270 | 1175 | 95 | 95 | 94 | 1 | 7.03 |
| 2015-16 | 1407 | 1333 | 1233 | 100 | 74 | 74 | 0 | 7.11 |
| 2016-17 | 1591 | 1438 | 1353 | 85 | 253 | 222 | 31 | 7.29 |
| 2017-18 | 1785 | 1448 | 1382 | 66 | 337 | 312 | 25 | 5.09 |
| **പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഐടിഐകൾ** | | | | | | | | |
| 2013-14 | 63 | 42 | 12 | 30 | 21 | 20 | 1 | 49.20 |
| 2014-15 | 63 | 42 | 25 | 17 | 21 | 21 | 0 | 26.98 |
| 2015-16 | 63 | 42 | 11 | 31 | 21 | 21 | 0 | 49.20 |
| 2016-17 | 63 | 42 | 31 | 11 | 21 | 21 | 0 | 17.46 |
| 2017-18 | 63 | 42 | 32 | 10 | 21 | 21 | 0 | 15.87 |
| **ആകെ** | | | **62629** | | | **31734** | | |

*(അവലംബം: ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ)*

സംസ്ഥാനത്തെ മുഴുവൻ ഐടിഐകളിലെയും പ്രവേശനത്തിന്റെ വർഷം തിരിച്ചുള്ള വിശകലനം, വർദ്ധിക്കുന്ന പ്രവണതയാണ് കാട്ടിയത്. 2013-14-ൽ 17,330 വിദ്യാർത്ഥികൾ പ്രവേശനം നേടിയത്, 2017-18 ആയപ്പോഴേയ്ക്കും വർദ്ധിച്ച് 21,707 (25 ശതമാനം) ആയി.

### *4.1.3.1. നികത്താത്ത സീറ്റുകളുടെ/കൊഴിഞ്ഞുപോയവരുടെ ശതമാനം*

2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഐടിഐകളിൽ അനുവദിച്ച സീറ്റുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒഴിവുള്ള സീറ്റുകളുടെ വിശകലനം സൂചിപ്പിക്കുന്നത്, ഒഴിവുകളുടെ ശതമാനം ഐടിഡിക്ക് കീഴിലുള്ള ഐടിഐകളിൽ 4.19 മുതൽ 9.20 ശതമാനം വരെയും എസ്സിഡിഡിക്ക് കീഴിലുള്ള ഐടിഐകളിൽ 5.09 മുതൽ 7.29 ശതമാനം വരെയുമാണ് എന്നാണ്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലുള്ള രണ്ട് ഐടിഐകളിൽ എൻസിവിടി അംഗീകൃത ഇലക്ട്രീഷ്യൻ, കാർപെൻട്രി ട്രേഡുകളിൽ പരിശീലനം നൽകുന്ന കുട്ടമല ഐടിഐയിൽ നികത്താത്ത സീറ്റുകളുടെ ശതമാനം വളരെ ഉയർന്നതും 23.80 ശതമാനത്തിനും 80.95 ശതമാനത്തിനും ഇടയിലുമായിരുന്നു.

ഐടിഡിക്ക് കീഴിലുള്ള ഐടിഐകളുടെ നികത്തപ്പെട്ട സീറ്റുകളുടെയും ട്രെയിനികളുടെ കൊഴിഞ്ഞുപോക്കിന്റെയും വിശകലനം, കൊഴിഞ്ഞുപോക്ക് കുറഞ്ഞു വരുന്ന പ്രവണത വെളിപ്പെടുത്തി. 2013-14-ൽ 14.35 ശതമാനത്തിൽ നിന്ന് 2017-18-ൽ 7.38 ആയി കൊഴിഞ്ഞുപോക്കിന്റെ ശതമാനം കുറഞ്ഞു. അതുപോലെ എസ്സിഡിഡിക്ക് കീഴിലുള്ള ഐടിഐകളിലെ കൊഴിഞ്ഞുപോക്കിന്റെ ശതമാനവും 2013-14-ൽ 22.51 ശതമാനത്തിൽ നിന്ന് 2016-17-ൽ 18.48 ശതമാനമായി കുറഞ്ഞു. എസ്ടിഡിഡിക്ക് കീഴിലുള്ള ഐടിഐകളിലെ കൊഴിഞ്ഞുപോക്കിന്റെ ശതമാനവും 2013-14-ൽ 40.63 ശതമാനത്തിൽ നിന്ന് 2016-17-ൽ 23.07 ശതമാനമായി കുറഞ്ഞു. 2013-17 [46] കാലയളവിൽ ആകമാനം കൊഴിഞ്ഞുപോക്ക് കുറഞ്ഞു വരുന്നതായി കണ്ടു (ഒമ്പത് ശതമാനം). ഐടിഡിക്ക് കീഴിലുള്ള ഐടിഐകളിലെ ട്രെയിനികളുടെ കൊഴിഞ്ഞുപോക്കിന്റെ കുറവ് പ്രശംസനീയമാണെങ്കിലും എസ്ടിഡിഡിക്ക് കീഴിലുള്ള ഐടിഐകളിൽ നിന്നുള്ള വർദ്ധിച്ച ശതമാനത്തിലുള്ള കൊഴിഞ്ഞുപോക്ക് പ്രോത്സാഹജനകമല്ല, മാത്രമല്ല മുൻഗണന നൽകി പരിഗണിക്കപ്പെടേണ്ടതുണ്ട്.

കൊഴിഞ്ഞുപോക്ക് ശ്രദ്ധിക്കുന്നതിനും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരമാവധി വിനിയോഗം ഉറപ്പുവരുത്തുന്നതിനുമായി ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് മാനദണ്ഡമനുസരിച്ച് 30 ശതമാനത്തിൽ കൂടുതൽ ട്രെയിനികളെ

---

[46] 2017-18-ലെ കൊഴിഞ്ഞുപോക്കിന്റെ വിവരങ്ങൾ എസ്സിഡിഡിയും എസ്ടിഡിഡിയും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഓരോ ട്രേഡിലും അധികമായി പ്രവേശിപ്പിക്കാൻ കഴിയുന്നതു കാരണം, അനുവദിച്ച സീറ്റുകൾ പൂരിതമാകാതെ കിടക്കുന്നില്ലെന്ന് കേരളസർക്കാർ മറുപടി നൽകി (ഡിസംബർ 2018). ഡയറക്ടറേറ്റുകൾ നൽകിയ സൂപ്പർ ന്യൂമററി സീറ്റുകൾ ഉൾപ്പടെയുള്ള നികത്തപ്പെടാത്ത സീറ്റുകൾ, കൊഴിഞ്ഞുപോക്ക് എന്നിവയുടെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് അഭിപ്രായം തയ്യാറാക്കിയതിനാൽ മറുപടി സ്വീകാര്യമല്ല.

### 4.1.4. അടിസ്ഥാനസൗകര്യങ്ങളുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലെ കുറവുകൾ

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പരിശീലന മാനുവൽ, എൻസിവിടിയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട ഐടിഐകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. പരിശീലന കേന്ദ്രത്തിന് വേണ്ട സ്ഥലം, കെട്ടിടം, ഡീസൽ ജനറേറ്റർ സെറ്റ് ലഭ്യത, പണിയായുധങ്ങളുടെയും ഉപകരണങ്ങളുടെയും പട്ടിക, അവയുടെ പരിപാലനം തുടങ്ങിയവയുടെ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഓഡിറ്റ് തെരഞ്ഞെടുത്ത നാല് ജില്ലകളിലെ 32 ഐടിഐകളിൽ ലാക്ഷണിക പരിശോധന നടത്തുകയും ഇനിപ്പറയുന്നവ ശ്രദ്ധിക്കുകയും ചെയ്തു.

#### *4.1.4.1. സ്ഥലത്തിന്റെ ആവശ്യകത*

ഓരോ ഷിഫ്റ്റിലും പ്രവേശനത്തിനുള്ള ശേഷിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച സ്ഥലമാനദണ്ഡങ്ങൾ എൻസിവിടി നിർദ്ദേശിച്ചു (2003 ഡിസംബർ). 201-500 ട്രെയിനികൾ ഉള്ളതും ഹോസ്റ്റലുകൾ/സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഇല്ലാത്തതുമായ മെട്രോ/നഗര/അർദ്ധനഗര പ്രദേശങ്ങളിലെ ഐടിഐകൾക്ക് 1.50 ഏക്കർ സ്ഥലവും ഗ്രാമീണ മേഖലയിലെ ഐടിഐകൾക്ക് രണ്ട് ഏക്കർ സ്ഥലവും നിർദ്ദേശിച്ചു. 501-1,000 ട്രെയിനികളുള്ള ഐടിഐകൾക്കായി മെട്രോ/നഗര/അർദ്ധ നഗര പ്രദേശങ്ങളിൽ രണ്ട് ഏക്കറും ഗ്രാമപ്രദേശങ്ങളിൽ 2.50 ഏക്കറും 1,001-ൽ കൂടുതൽ ട്രെയിനികളുള്ള ഐടിഐകൾക്കായി നഗര/അർദ്ധ നഗരങ്ങളിൽ മൂന്ന് ഏക്കറും ഗ്രാമീണ ഐടിഐകളിൽ അഞ്ച് ഏക്കറും ലഭ്യമാക്കണമെന്നാണ് മാനദണ്ഡങ്ങൾ. ഐടിഐ കളമശ്ശേരി (വനിത), ഐടിഐ കൊല്ലം (വനിത) എന്നിവ ഒഴികെ ലാക്ഷണിക പരിശോധന നടത്തിയ എല്ലാ ഐടിഐകളും മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *4.1.4.2. കരുതൽ വൈദ്യുതി സംവിധാനത്തിന്റെ ലഭ്യത*

എൻസിവിടി മാനദണ്ഡങ്ങളനുസരിച്ച് ലോഡ് ഷെഡിംഗ്/പവർകട്ട് സമയത്ത് തടസ്സമില്ലാത്ത പരിശീലന പ്രവർത്തനങ്ങൾ നൽകുന്നതിനായും അങ്ങനെ പരിശീലന പരിപാടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായും വൈദ്യുതി വിതരണത്തിന്റെ 50 ശതമാനം ശേഷിയുള്ള ബാക്ക്അപ്പ് പവർ സപ്ലൈയുള്ള ഒരു ഡീസൽ ജനറേറ്റർ സെറ്റ് ഐടിഐകൾക്ക് സ്ഥാപിക്കാവുന്നതാണ്.

തെരഞ്ഞെടുത്ത നാല് ജില്ലകളിലെ 32 ഐടിഐകളുടെ ഭൗതിക പരിശോധനയ്ക്കിടെ ആവശ്യമായ വൈദ്യുതി വിതരണത്തിന്റെ 50 ശതമാനം ഉള്ള ഒരു കരുതൽ വൈദ്യുതി വിതരണ സംവിധാനം 29 ഐടിഐകളിൽ ലഭ്യമല്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ഇത് അഫിലിയേഷൻ മാനദണ്ഡങ്ങൾ ലംഘിക്കുന്നതാണ്. ഐടിഐ കൊല്ലം (വനിത), എസ്സിഡിഡി ഐടിഐ പാതായ്ക്കര, എസ്സിഡിഡി ഐടിഐ പാണ്ടിക്കാട് എന്നീ മൂന്ന് ഐടിഐകളിൽ മാത്രമേ കരുതൽ വൈദ്യുതി ലഭ്യമായിട്ടുള്ളൂ. അതിനാൽ പരിശീലന പരിപാടികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്, ലോഡ്ഷെഡിംഗ്/പവർകട്ട് സമയത്ത് തടസ്സമില്ലാത്ത പരിശീലന പ്രവർത്തനങ്ങൾ നൽകുക എന്ന ലക്ഷ്യം ഉറപ്പാക്കാൻ കഴിഞ്ഞില്ല. ഈ സ്ഥാപനങ്ങളിൽ കരുതൽ വൈദ്യുതി സംവിധാനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുമെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2018 ഡിസംബർ) അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പു നൽകി.

### 4.1.4.3. പണിയായുധങ്ങളുടെയും ഉപകരണങ്ങളുടെയും കുറവ്

എൻസിവിടി നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ട ട്രേഡുകളുടെ പണിയായുധങ്ങളുടെയും ഉപകരണങ്ങളുടെയും മാനദണ്ഡപട്ടിക അനുസരിച്ച്, എല്ലാ ഐടിഐകളും പണിയായുധങ്ങളും ഉപകരണങ്ങളും പരിപാലിക്കേണ്ടത് ആവശ്യമാണ്. ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകളിൽ പണിയായുധങ്ങളുടെയും ഉപകരണങ്ങളുടെയും കുറവ് ഓഡിറ്റ് ശ്രദ്ധിച്ചു (**അനുബന്ധം 4.1**). ഐടിഡിക്ക് കീഴിലുള്ള 23 ഐടിഐകളിൽ ഇവയുടെ ശരാശരി കുറവ് 4.25 ശതമാനം മുതൽ 65.24 ശതമാനം വരെയും എസ്സിഡിഡിയ്ക്ക് കീഴിലുള്ള എട്ട് ഐടിഐകളിൽ ശരാശരി കുറവ് 15.50 ശതമാനം മുതൽ 81.97 ശതമാനം വരെയുമാണ്, എസ്ടിഡിഡിക്കു കീഴിലുള്ള ഐടിഐകളിലെ പണിയായുധ ങ്ങളുടെയും ഉപകരണങ്ങളുടെയും ശരാശരി കുറവ് 46.27 ശതമാനമാണ്. അവശ്യ പരിശീലന ഉപകരണങ്ങളായ ഗ്യാസ് മെറ്റൽ ആർക്ക് വെൽഡിംഗ് മെഷീൻ (ജിഎംഎഡബ്ല്യൂ), എസി/ഡിസി ഗ്യാസ് ടങ്സ്റ്റൺ ആർക്ക് വെൽഡിംഗ് മെഷീൻ (ജിടിഎഡബ്ല്യൂ), വെൽഡർ ട്രേഡിന് അത്യാവശ്യമായ പോർട്ടബിൾ ഗ്യാസ് കട്ടിംഗ് മെഷീൻ എന്നിവ ഇടപ്പള്ളിയിലെ എസ്സിഡിഡി ഐടിഐയിൽ ലഭ്യമല്ല.

2014-ലെ അവസാന സിലബസ് പരിഷ്കരണത്തിനുശേഷം ശരാശരി 63.97 ശതമാനം കുറവ് ഉപകരണങ്ങളുമായാണ് ഐടിഐ കളമശ്ശേരിയിലെ സർവേയർ ട്രേഡ് നടത്തിയിരുന്നത്. എന്നാൽ, 2016 ജൂണിൽ സർവേയർ ട്രേഡിനായി വാങ്ങിയ 90 ശതമാനം ഉപകരണങ്ങൾ, കോഴ്സ് ആരംഭിക്കുന്നതിൽ ഐടിഐ കളമശ്ശേരി (വനിത)[47] പരാജയപ്പെട്ടതിനാൽ ഉപയോഗശൂന്യമായി. രണ്ട് ഐടിഐകളും ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതിനാൽ ഐടിഐ കളമശ്ശേരി (വനിത) യിലെ നിഷ്ക്രിയ ഉപകരണങ്ങൾ അവിടെ സർവേയർ ട്രേഡ് ആരംഭിക്കുന്നതുവരെ ഐടിഐ കളമശ്ശേരിയുടെ ഫലപ്രദമായ ഉപയോഗത്തിനായി കടം കൊടുക്കാമായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആവശ്യമായ പണിയായുധങ്ങളും ഉപകരണങ്ങളും ഇല്ലാതെ ഐടിഐകൾ വ്യാവസായിക പരിശീലന കോഴ്സുകൾ നടത്തുന്നത് വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലനത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും പരിശീലനം ലഭിച്ചവർക്ക് മികച്ച തൊഴിൽ നേടുന്നതിന് ആവശ്യമായ നൈപുണ്യം നേടാൻ കഴിയാതിരിക്കുകയും ചെയ്യും.

ഐടിഐകൾക്കിടയിൽ ഉപകരണങ്ങൾ കൈമാറുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായി ഐടിഡി അഡീഷണൽ ഡയറക്ടർ അന്തിമ കൂടിക്കാഴ്ചയിൽ (2018 ഡിസംബർ) അറിയിച്ചു.

### 4.1.4.4. ജീവനക്കാരുടെ പര്യാപ്തത

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വ്യവസായിക പരിശീലന മാനുവലിന്റെ (2008) ഭാഗം 3-ലെ ഖണ്ഡിക 50-ൽ ഐടിഐയിലെ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സ്കീമിന്റെ മാനവശേഷി പര്യാപ്തത നിർദ്ദേശിക്കുന്നു. ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകളിൽ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ കാര്യമായ കുറവുണ്ടായിട്ടില്ലെങ്കിലും മറ്റ് വിഭാഗങ്ങളിൽ ജീവനക്കാരുടെ (മിനിസ്റ്റീരിയൽ സ്റ്റാഫ് [48] 30.13 ശതമാനം, വർക്കഷോപ്പ് അറ്റൻഡന്റ് - 68.31 ശതമാനം, അക്കൗണ്ടന്റ് - 100 ശതമാനം, ക്ലാസ്സ് 4 - 41.83 ശതമാനം, സ്റ്റോർ കീപ്പർ - 36.17 ശതമാനം) കുറവുണ്ടെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ഓഡിയോ വിഷ്വൽ ഇൻസ്ട്രക്ടർമാരുടെ ജോലികൂടി നിർവഹിക്കുന്ന കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിക്കണമെന്ന കേന്ദ്രസർക്കാർ ഉത്തരവുകൾക്ക് (2013 ജൂൺ) വിരുദ്ധമായി കമ്പ്യൂട്ടർ ലാബുകളുള്ള 13 ഐടിഐകളിൽ ഒന്നിൽ പോലും കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടില്ല. അന്തിമ കൂടിക്കാഴ്ചയിൽ (2018 ഡിസംബർ) അനുമതി കിട്ടാത്തതിനാൽ, ഈ തസ്തികകൾ നികത്തിയിട്ടില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി പ്രസ്താവിക്കുകയും, തസ്തികകൾ പൂരിപ്പിക്കുന്നതിന് പുതിയ

[47] വനിതകൾക്കു വേണ്ടിയുള്ള ഐടിഐ.
[48] അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്

നിർദ്ദേശം മുന്നോട്ടുവെയ്ക്കാൻ ഐടിഡി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

### 4.1.4.5. അഗ്നിശമന സംവിധാനത്തിന്റെ പരിപാലനം

എൻസിവിടി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓരോ ഐടിഐയ്ക്കും അഗ്നിശമന ഉപകരണങ്ങൾ, അഗ്നിശമന അലാറങ്ങൾ, സ്പ്രിംഗ്ളറുകൾ എന്നിവ പോലെയുള്ള അടിസ്ഥാന ഉപകരണങ്ങൾ ഉണ്ടായിരിക്കണം. നാല് ജില്ലകളിലെ 32 ഐടിഐകളുടെ ഭൗതിക പരിശോധനയിൽ 29 ഐടിഐകളിൽ ലഭ്യമായ 285 അഗ്നിശമന ഉപകരണങ്ങളിൽ 205 എണ്ണം റീഫിൽ ചെയ്തിട്ടില്ലെന്നും അതിനാൽ അവ ഉപയോഗക്ഷമമല്ലെന്നും കണ്ടെത്തി. ഐടിഐ കഞ്ഞിക്കുഴി, എസ്‌സിഡിഡി ഐടിഐ പാതായ്ക്കര, ഐടിഐ പാണ്ടിക്കാട് എന്നിവിടങ്ങളിൽ അഗ്നിശമന ഉപകരണങ്ങൾ ഉണ്ടായിരുന്നില്ല. എസ്‌സിഡിഡി ഐടിഐ കുളക്കട, ഓച്ചിറ എന്നിവിടങ്ങളിലെ അഗ്നിശമന ഉപകരണങ്ങൾ കേടായതും ഉപയോഗ യോഗ്യമല്ലാത്തതുമായിരുന്നു. കെമിക്കൽ പ്ലാന്റ് ട്രേഡിലെ അറ്റൻഡന്റ് ഓപ്പറേറ്ററുടെ വർക്ക്ഷോപ്പിൽ അവശ്യ അഗ്നിശമന ഉപകരണമായ സ്പ്രിംഗ്ളർ സംവിധാനമുള്ള ഫയർ അലാറം, കൊല്ലം ബേസിക് ട്രെയിനിംഗ് സെന്ററിന് (ബിടിസി)[49] നൽകിയിട്ടില്ല.

അന്തിമ കൂടിക്കാഴ്ചയിൽ (2018 ഡിസംബർ) കേരളസർക്കാർ, ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുകയും കുറവുകൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടിയെടുക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

### 4.1.4.6. കമ്പ്യൂട്ടർ ലാബ് സൗകര്യം

എല്ലാ കമ്പ്യൂട്ടറിലും ഇന്റർനെറ്റ് കണക്റ്റിവിറ്റിയും മൾട്ടിമീഡിയയും ഉള്ള ഒരു എക്സ്ക്ലൂസീവ് കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കാൻ, എല്ലാ സർക്കാർ, സ്വകാര്യ ഐടിഐകളോടും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് (ഡിജിഇടി) നിർദ്ദേശിച്ചു (2013 ജൂൺ). കമ്പ്യൂട്ടർ ഓപ്പറേറ്റർ പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (സിഒപിഎ) ട്രേഡിന് ആവശ്യമായ ലാബിന് പുറമേയായിരുന്നു ഈ ലാബ്.

ട്രേഡുകൾ അല്ലെങ്കിൽ ട്രേഡുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ ആവശ്യകത എന്നിവ കണക്കിലെടുക്കാതെ ഒരു ഐടിഐയിൽ ഒരു ഷിഫ്റ്റിൽ 100 വിദ്യാർത്ഥികൾക്ക് ഇരിക്കാൻ ശേഷിയുള്ള കമ്പ്യൂട്ടർ ലാബിൽ കുറഞ്ഞത് പത്ത് കമ്പ്യൂട്ടറുകൾ/വർക്ക് സ്റ്റേഷനുകൾ, ഇന്റർനെറ്റ് സൗകര്യമുള്ള പെരിഫെറലുകൾ [50] എന്നിവ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അംഗീകൃത/അഫിലിയേറ്റ് ചെയ്ത ഓരോ അധിക യൂണിറ്റിനും [51] രണ്ട് കമ്പ്യൂട്ടറുകൾ/വർക്ക് സ്റ്റേഷനുകൾ കൂടി ചേർക്കണം. 32 ഐടിഐകളിൽ 19-ലും (ഐടിഡിക്ക് കീഴിൽ 14, എസ്‌സിഡിഡിക്ക് കീഴിൽ നാല്, എസ്ടിഡിഡിക്ക് കീഴിൽ ഒന്ന്) കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടില്ലെന്ന് സംയുക്ത പരിശോധനയിൽ വ്യക്തമായി. അങ്ങനെ വിദ്യാർത്ഥികൾക്ക് ഈ സൗകര്യം നിഷേധിക്കപ്പെടുന്നു. രാജാക്കാട്, മാറാഞ്ചേരി, അരീക്കോട് എന്നിവിടങ്ങളിലെ ഐടിഐകളിലെ കമ്പ്യൂട്ടർ ലാബുകൾക്ക് ഇന്റർനെറ്റ് കണക്റ്റിവിറ്റി ഇല്ല. ഐടി ലാബുകളുള്ള 13 ഐടിഐകളിൽ ആറെണ്ണവും 16.6 മുതൽ 90.74 ശതമാനം വരെ കമ്പ്യൂട്ടർ ക്ഷാമം അനുഭവിക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

### 4.1.4.7. ലൈബ്രറിയുടെയും വായനാമുറിയുടെയും ലഭ്യത

കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഐടിഐകൾക്കായുള്ള പരിശീലന മാനുവലിന്റെ ഭാഗം 2, ഖണ്ഡിക 38(ഇ)-ൽ ഇൻസ്ട്രക്ഷണൽ സ്റ്റാഫിന്റെയും ട്രെയിനികളുടെയും മാർഗ്ഗനിർദ്ദേശത്തിനായി ആവശ്യമായ സാങ്കേതിക

[49] അറ്റൻഡന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്) ട്രേഡിൽ കോഴ്സ് നൽകുന്ന സംസ്ഥാനത്തെ ഏക ഐടിഐ.

[50] കമ്പ്യൂട്ടറിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിന് അതുമായി ഘടിപ്പിക്കുന്ന മൗസ്, കീബോർഡ്, പ്രിന്റർ, സ്കാനർ തുടങ്ങിയ ഉപകരണങ്ങൾ.

[51] ഒരു യൂണിറ്റ് = 21 വിദ്യാർത്ഥികൾ. 100 വിദ്യാർത്ഥികൾ എന്നാൽ അഞ്ച് യൂണിറ്റുകൾ.

പുസ്തകങ്ങൾ, സാങ്കേതിക മാസികകൾ, ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിപ്പിക്കുന്ന ട്രേഡുകളുമായി ബന്ധപ്പെട്ട മറ്റ് പുസ്തകങ്ങൾ എന്നിവയോട് കൂടിയ ലൈബ്രറിയും വായനാമുറിയും പരിപാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഐടിഐ അഫിലിയേഷൻ മാനദണ്ഡങ്ങൾ 2017[52] അനുസരിച്ച് 160 വരെ ട്രെയിനികളുള്ളിടത്ത് ലൈബ്രറി, റീഡിംഗ് റൂം എന്നിവയ്ക്കാവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം 40 ചതു. മീറ്ററും ഓരോ അധിക 40 ട്രെയിനികൾക്കും 10 ചതു. മീറ്റർ വർദ്ധനവും ഉണ്ടായിരിക്കണം. നാല് ജില്ലകൾക്ക് കീഴിലുള്ള 32 ഐടിഐകളുടെ ഭൗതിക പരിശോധനയിൽ 21 ഐടിഐകൾക്ക് ലൈബ്രറികൾ ലഭ്യമാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ലൈബ്രറികളുള്ള 11 ഐടിഐകളിൽ ഐടിഐ കളമശ്ശേരിയിൽ മാത്രമേ ഒരു ലൈബ്രേറിയനെ നിയമിച്ചിട്ടുള്ളൂ. ഒരു ഐടിഐയും എൻസിവിടി മാനദണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള സാങ്കേതിക മാഗസിനുകളുടെ വരിക്കാരായിട്ടില്ലെന്നും ഓഡിറ്റ് ശ്രദ്ധിച്ചു.

ലൈബ്രറികളുള്ള ഐടിഐകൾ പോലും സ്ഥലത്തിന്റെ ആവശ്യകത പാലിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധിച്ച 11 ഐടിഐകളിൽ ചന്ദനത്തോപ്പ്, കട്ടപ്പന, കളമശ്ശേരി, ചാത്തന്നൂർ എന്നീ നാല് ഐടിഐകൾക്ക് മാത്രം 40 ചതു. മീ. സ്ഥലമുള്ള ലൈബ്രറികളുണ്ടായിരുന്നു. കൂടാതെ ചുവടെ കാണിച്ചിരിക്കുന്നതുപോലെ, ഇതിൽ മൂന്ന് ഐടിഐകൾക്ക് അധിക ട്രെയിനികളുടെ[53] എണ്ണം അടിസ്ഥാനമാക്കി ലൈബ്രറിക്ക് ആവശ്യമായ സ്ഥലം നിശ്ചയിച്ചിട്ടില്ല.

**പട്ടിക 4.3: ലൈബ്രറികൾക്ക് ആവശ്യമായ സ്ഥലം**

| ക്രമ നമ്പർ | ഐടിഐയുടെ പേര് | വിദ്യാർത്ഥികളുടെ ആകെ എണ്ണം | ലൈബ്രറിക്ക് ആവശ്യമായ സ്ഥലം (ചതു.മീ.) | ലൈബ്രറിക്ക് ലഭ്യമായ സ്ഥലം (ചതു.മീ.) |
|---|---|---|---|---|
| 1 | ഐടിഐ ചന്ദനത്തോപ്പ് | 1242 | 310 | 40 |
| 2 | ഐടിഐ കട്ടപ്പന | 636 | 150 | 40 |
| 3 | ഐടിഐ കളമശ്ശേരി | 1063 | 260 | 40 |

*(അവലംബം: അതാത് ഐടിഐകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ)*

### 4.1.5. ക്രാഫ്റ്റ്സ്മെൻ ഇൻസ്ട്രക്ടർ ട്രെയിനിംഗ് സ്കീമിൽ നിർബന്ധിത പരിശീലനം നേടുന്നതിൽ അധ്യാപകരുടെ പരാജയം

ക്രാഫ്റ്റ്സ്മെൻ ഇൻസ്ട്രക്ടർ ട്രെയിനിംഗ് സ്കീം (സിഐടിഎസ്) പ്രകാരം ട്രേഡുകളിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ യോഗ്യത നേടുന്നതിനുള്ള മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുണ്ട് (2014 മേയ്). ഈ മാനദണ്ഡങ്ങൾ അനുസരിച്ച്, ഇതിനകം ഐടിഐയിൽ ചേർന്ന ഓരോ അദ്ധ്യാപകനും, ചേർന്ന് മൂന്ന് വർഷത്തിനുള്ളിൽ സിഐടിഎസ് കോഴ്സ് പൂർത്തിയാക്കണം. ഇത് അഫിലിയേഷന്റെയും പ്രമോഷന്റെയും ആവശ്യകതയ്ക്കായി ഒരു നിർബന്ധിത വ്യവസ്ഥ ആയിരിക്കും. വ്യാവസായിക മേഖലയിലേയ്ക്കായി സെമിസ്കിൽഡ്/സ്കിൽഡ് മാനവശേഷി പരിശീലിപ്പിക്കാൻ വേണ്ട പ്രായോഗിക നൈപുണ്യം കൈമാറുന്നതിനുള്ള സാങ്കേതികവിദ്യകൾ ഇൻസ്ട്രക്ടർമാരെ പരിശീലിപ്പിക്കാൻ സിഐടിഎസ് ദേശീയ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെ വിഭാവനം ചെയ്തു. വ്യവസായിക പരിശീലന വകുപ്പിന് കീഴിലുള്ള തെരഞ്ഞെടുത്ത 23 ഐടിഐകളിലെ 283 സ്ഥിര ഇൻസ്ട്രക്ടർമാരിൽ 14 പേരും തെരഞ്ഞെടുത്ത എട്ട് എസ്സിഡിഡി ഐടിഐകളിലെ 14 സ്ഥിര ഇൻസ്ട്രക്ടർമാരിൽ നാലുപേരും പരിശീലനത്തിന് പങ്കെടുക്കുന്നതിൽ പരാജയപ്പെട്ടതായി ഓഡിറ്റ് ശ്രദ്ധിച്ചു (2018 ആഗസ്റ്റ്). എസ്ടിഡിഡിക്ക് കീഴിലുള്ള നാടുകാണി ഐടിഐയിലെ മൂന്ന് സ്ഥിരം ഇൻസ്ട്രക്ടർമാരിൽ രണ്ട് പേർക്ക് സിഐടിഎസിന് കീഴിൽ പരിശീലനം ലഭിച്ചിട്ടില്ല.

---

52 നേരത്തെയുള്ള ഡിജിഇടി മാനദണ്ഡങ്ങൾ 1999, 2001 എന്നിവയിൽ 250 ട്രെയിനികൾ വരെ 45 ചതു. മീറ്റർ വിസ്തീർണ്ണമുള്ള ലൈബ്രറി, വായനാമുറി എന്നിവയ്ക്കുള്ള സ്ഥലം നിർദ്ദേശിക്കുന്നു. ഓരോ അധിക 250 ട്രെയിനികൾക്കും ഇതിനായി 15 ചതു.മീറ്റർ അധികമായി വിഭാവനം ചെയ്യുന്നു.

53 160 ട്രെയിനികൾക്ക് വരെ 40 ചതു. മീ., ഓരോ അധിക 40 ട്രെയിനികൾക്ക് അധിക 10 ചതു. മീ.

### 4.1.6. സ്ഥാപനങ്ങളുടെ ആഭ്യന്തര പരിശോധന

പരിശീലന പരിപാടികളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനും ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഐടിഐകളുടെ പതിവ് ആഭ്യന്തര പരിശോധന നടത്തേണ്ടതുണ്ടെന്ന് വ്യവസായിക പരിശീലനത്തിനായുള്ള പരിശീലന മാനുവലിന്റെ മൂന്നാംഭാഗം ഖണ്ഡിക 60-ൽ ആവശ്യപ്പെടുന്നു. ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ, പ്രിൻസിപ്പൽമാർ എന്നിങ്ങനെ രണ്ട് തലങ്ങളിലാണ് പരിശോധന നടത്തേണ്ടത്. നടത്തിയ പരിശോധനകൾ, നിരീക്ഷിച്ച കുറവുകൾ, നിർദ്ദേശിച്ച പരിഹാരങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഉചിതമായി രേഖപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികൾ അടുത്ത പരിശോധന സമയത്ത് പരിശോധിക്കുകയും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി, തെരഞ്ഞെടുത്ത 32 ഐടിഐകളുടെ പരിശോധനയിൽ എട്ട് ഐടിഐകളുടെ[54] പ്രിൻസിപ്പൽമാർ/ഗ്രൂപ്പ്ഇൻസ്ട്രക്ടർമാർ അത്തരം പരിശോധനകളൊന്നും നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആവശ്യാനുസരണം പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിലും രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലെന്ന് 24 ഐടിഐകളുടെ പ്രിൻസിപ്പൽമാർ ഓഡിറ്റിനെ അറിയിച്ചു. നിശ്ചിത രേഖകളുടെ അഭാവത്തിൽ പരിശോധനകൾ യഥാർത്ഥത്തിൽ നടത്തിയെന്ന പ്രിൻസിപ്പൽമാരുടെ അവകാശവാദങ്ങളുടെ ആധികാരികത ഓഡിറ്റിന് കണ്ടെത്താനായില്ല.

### 4.1.7. പരിശീലന, പ്ളേസ്മെന്റ് സെൽ

ഡിജിഇറ്റിയുടെ ഉത്തരവുകളിൽ (2008 ജൂൺ) ബിരുദധാരികൾക്ക് വിവിധ വ്യവസായങ്ങളിൽ തൊഴിൽ നേടാൻ സഹായിക്കുന്നതിന് ഓരോ ഐടിഐയിലും പരിശീലന, പ്ലേസ്മെന്റ് സെല്ലുകൾ സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. ഐടിഐകളിൽ നിന്ന് ബിരുദം നേടുന്ന എല്ലാ ട്രെയിനികളുടെയും പേര്, വിലാസം, ടെലിഫോൺ നമ്പർ എന്നിവയുൾപ്പെടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നതിനായിരുന്നു അത്തരം പ്ലേസ്മെന്റ് സെല്ലുകൾ. വ്യവസായങ്ങൾക്ക് ആവശ്യമായ നൈപുണ്യമുള്ള ട്രെയിനികളെ സുഗമമായി റിക്രൂട്ട് ചെയ്യുന്നതിനുവേണ്ടി ക്യാമ്പസ് സെലക്ഷനുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു പ്ലേസ്മെന്റ് സെല്ലുകൾ. ബിരുദധാരികൾക്ക് ഉചിതമായ ജോലി ലഭിക്കുന്നതുവരെ അല്ലെങ്കിൽ സ്ഥാപനങ്ങളിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയ ശേഷം കുറഞ്ഞത് മൂന്ന് വർഷമെങ്കിലും, വിവരങ്ങൾ സൂക്ഷിക്കുന്നതിനും പ്ലേസ്മെന്റ് സെല്ലുകൾ ആവശ്യമായിരുന്നു.

30 ഐടിഐകളിലെ[55] രേഖകളുടെയും നടപടിക്രമങ്ങളുടെയും പരിശോധനയിൽ ബിടിസി കൊല്ലം, ഐടിഐ കട്ടപ്പന, ഐടിഐ അരീക്കോട് എന്നിവ പരിശീലന പ്ലേസ്മെന്റ് സെൽ സ്ഥാപിക്കുന്നതിൽ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചതായി കണ്ടെത്തി. ശേഷിക്കുന്ന 27 ഐടിഐകളിലെ പ്ലേസ്മെന്റ് സെല്ലുകളിൽ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പരിപാലിക്കുക, തൊഴിൽ മാർഗ്ഗനിർദ്ദേശവും കൗൺസിലിംഗും ട്രെയിനികൾക്ക് നൽകുക തുടങ്ങിയവയിൽ കുറവുണ്ടെന്ന് കണ്ടെത്തി. പരിശോധിച്ച 30 ഐടിഐകളിൽ അഞ്ചിടത്ത്[56] 2013-16 കാലയളവിൽ ട്രെയിനികളെ നിയമിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റിന് നൽകിയിട്ടില്ല. ബാക്കിയുള്ള 25 ഐടിഐകളിൽ, പ്ലേസ്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധിക്കുന്ന (2013-16 കാലയളവിൽ 19 ശതമാനം വർദ്ധനവ്) പ്രവണത കണ്ടു. ഓഡിറ്റ് കാലയളവിൽ കട്ടപ്പന, കേരളാധീശ്വരപുരം, ഇടപ്പള്ളി എന്നിവിടങ്ങളിലെ ഐടിഐകളിൽ ഉയർന്ന പ്ലേസ്മെന്റ് നിരക്ക്

---

[54] ഐടിഐ ചാത്തന്നൂർ, ഐടിഐ ഇളമാട്, ഐടിഐ തേവലക്കര, ഐടിഐ ചടയമംഗലം, ഐടിഐ കൊട്ടാരക്കര, ഐടിഐ കേരളാധീശ്വരപുരം, ഐടിഐ പൊന്നാനി, ഐടിഐ പാതായ്ക്കര

[55] 2017-18-ൽ പ്രവർത്തനമാരംഭിച്ച കൊട്ടാരക്കരയിലെയും ചടയമംഗലത്തെയും ഐടിഐകൾ ഒഴികെ

[56] ഐടിഐ കളമശ്ശേരി, ഐടിഐ കളമശ്ശേരി (വനിത), ഐടിഐ ചാത്തന്നൂർ, ഐടിഐ ചന്ദനത്തോപ്പ്, ഐടിഐ കൊല്ലം (വനിത)

രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (**അനുബന്ധം 4.2**). 2013-16 കാലയളവിൽ എസ്ടിഡിഡിയുടെ കീഴിലുള്ള നാടുകാണി ഐടിഐയിൽ നിന്നും വിജയിച്ച 31 ട്രെയിനികളിൽ ആർക്കും പ്ലേസ്മെന്റ് നേടാൻ കഴിഞ്ഞില്ല. സമ്പൂർണ്ണ പ്ലേസ്മെന്റ് സെൽ ഉണ്ടായിരുന്ന ഐടിഐ അരീക്കോടിൽ 2013-16 കാലയളവിൽ ട്രെയിനികളെ നിയമിക്കുന്നതിന്റെ ശരാശരി നിരക്ക് 12.27 ശതമാനം മാത്രമാണ്.

രജിസ്റ്റർ ചെയ്തതും ഭാവിസാദ്ധ്യതയുള്ളതുമായ തൊഴിലുടമകളുടെ പക്കൽ തൊഴിൽ നേടാൻ ഐടിഐകളിലെ ട്രെയിനികളെ സഹായിക്കുന്നതിനായി കെൽട്രോണിന്റെ സഹായത്തോടുകൂടി ₹11.65 ലക്ഷം ചെലവിൽ ഡിടി വികസിപ്പിച്ചെടുത്ത ഒരു തൊഴിൽ പോർട്ടൽ (2012 ജൂലൈ) ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പോർട്ടൽ സജീവമായിരുന്നിട്ടും (2018 സെപ്റ്റംബർ) ഐടിഐകൾ അവരുടെ വിദ്യാർത്ഥികളെ പോർട്ടലിൽ ചേർത്തിട്ടില്ലെന്നും തൊഴിലുടമകൾ/വ്യവസായങ്ങൾ സ്വയം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ഇത് മൂലം വിദ്യാർത്ഥികൾക്ക് തൊഴിൽ സേവനങ്ങൾ നൽകുന്നതിൽ പരാജയപ്പെട്ടുവെന്നും കണ്ടെത്തി.

### 4.1.8. ബയോമെട്രിക് ഹാജർ നിരീക്ഷണ സംവിധാനത്തിന്റെ പരിപാലനത്തിലെ അപര്യാപ്തത

ഐടിഡിക്ക് കീഴിലുള്ള എല്ലാ ഐടിഐകളിലും റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകളിലും (ആർഐസി) ബയോ മെട്രിക് ഹാജർ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിന് മൂന്ന് ഘട്ടങ്ങളായി (2012 മാർച്ച്, 2012 സെപ്റ്റംബർ, 2013 ആഗസ്റ്റ്) കേരളസർക്കാർ ഭരണാനുമതി (എഎസ്) നൽകി. ട്രെയിനികളുടെ ഹാജർ പരിപാലനം അനാവശ്യ സംഭവങ്ങളിലേക്ക് നയിക്കുന്ന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഐടിഐകളിലെ സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും ഹാജർ നിരീക്ഷിക്കുന്നതിനാണ് തത്സമയ ഓൺലൈൻ സംവിധാനം ഉദ്ദേശിച്ചത്.

ഐടിഡിക്ക് കീഴിലുള്ള 23 ഐടിഐകളുടെ ലാക്ഷണിക പരിശോധനയിൽ കൊട്ടാരക്കര, ചടയമംഗലം എന്നിവിടങ്ങളിലെ രണ്ട് ഐടിഐകളിൽ ബയോമെട്രിക് ഹാജർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. ഐടിഡിയ്ക്ക് കീഴിലുള്ള ശേഷിക്കുന്ന 21 ഐടിഐകളിൽ 2014 മുതൽ അഞ്ച് ഐടിഐകളിലും 2015 മുതൽ 10 ഐടിഐകളിലും 2016 മുതൽ മൂന്ന് ഐടിഐകളിലും 2017 മുതൽ മൂന്ന് ഐടിഐകളിലും ബയോമെട്രിക് ഹാജർ സംവിധാനം പ്രവർത്തിച്ചിരുന്നില്ല. ഒരു വർഷത്തെ വാറന്റി കാലഹരണപ്പെട്ടതിനുശേഷം വാർഷിക മെയിന്റനൻസ് കരാർ (എഎംസി) നടപ്പിലാക്കുന്നതിൽ ഐടിഡി പരാജയപ്പെട്ടതിനെ തുടർന്ന് കെൽട്രോൺ ബയോമെട്രിക് സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടില്ലെന്ന് രേഖകളുടെ സൂക്ഷ്മപരിശോധന വെളിപ്പെടുത്തി.

ഇലക്ട്രോണിക് മെഷീനുകൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത കണക്കിലെടുത്ത് എഎംസി നടപ്പാക്കേണ്ടതുണ്ടെന്ന് ഐടിഡി പ്രസ്താവിച്ചു (2018 ഒക്ടോബർ). സംവിധാനത്തിലെ തകരാറുകൾ പരിഹരിച്ചശേഷം എഎംസി നടപ്പാക്കുമെന്നും ഐടിഡി അറിയിച്ചു. എഎംസി സമയബന്ധിതമായി നടപ്പിലാക്കുന്നതിലെ വകുപ്പിന്റെ അലംഭാവത്തെയും തന്മൂലം ഐടിഐകളിലെ ഉദ്യോഗസ്ഥരുടെയും വിദ്യാർത്ഥികളുടെയും ഹാജർ ഫലപ്രദമായി നിരീക്ഷിക്കുന്നതിലെ പരാജയത്തെയും ഐടിഡിയുടെ മറുപടി ന്യായീകരിക്കുന്നില്ല.

### 4.1.9. പിപിപി ഒഴികെയുള്ള സിവിൽ വർക്കുകളുടെ സ്ഥിതി

ക്ലാസ് മുറികൾ, വർക്ക്ഷോപ്പുകൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ തുടങ്ങിയവ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നത് ഐടിഐകളുടെ നവീകരണത്തിന്റെ ഒരു പ്രധാന ഘടകമായി കണക്കാക്കപ്പെടുന്നു. പിപിപി പ്രകാരം നവീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 26 ഐടിഐകളിൽ ലാക്ഷണിക പരിശോധന നടത്തിയ ആറെണ്ണം കൈക്കൊണ്ടിട്ടുള്ള സിവിൽ വർക്കുകളുടെ അവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റിന്റെ

നിരീക്ഷണങ്ങൾ ഖണ്ഡിക 4.1.12.1-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതുസ്വകാര്യപങ്കാളികളുടെ സഹായമില്ലാതെ ഐടിഐകൾ ഏറ്റെടുത്ത സിവിൽ വർക്കുകളുടെ നിലയും ഓഡിറ്റ് പരിശോധിച്ചു. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ നൽകുന്നു.

### *4.1.9.1. ജോലികൾ ഏറ്റെടുക്കാത്തതുമൂലം ബാഹ്യഏജൻസികളിൽ ഫണ്ട് കെട്ടിക്കിടക്കുന്നത്*

പിഡബ്ല്യുഡിയെയും മറ്റ് ഏജൻസികളെയും ഏൽപ്പിച്ച ഐടിഐകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മൂന്ന് സംഭവങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു. പക്ഷേ അവ ഇതുവരെ (സെപ്റ്റംബർ 2018) നടപ്പാക്കാനായില്ല. വിശദാംശങ്ങൾ **പട്ടിക 4.4**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.4: ഏറ്റെടുക്കാത്ത ജോലികളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഐടിഐ / ജോലിയുടെ പേര് | ജോലിയുടെ ചുമതലയുള്ള ഏജൻസി | ജോലിക്കായി നൽകിയ തുക (₹ ലക്ഷത്തിൽ) | തുക നൽകിയ വർഷം | 2018 സെപ്റ്റംബറിൽ ജോലിയുടെ അവസ്ഥ | പരാമർശങ്ങൾ |
|---|---|---|---|---|---|---|
| 1. | ഐടിഐ തേവലക്കര/ മതിലിന്റെ നിർമ്മാണം | കേരള സംസ്ഥാന നിർമ്മാണ കോർപ്പറേഷൻ ലിമിറ്റഡ് | 30.00 | മാർച്ച് 2014 | ജോലി ആരംഭിച്ചിട്ടില്ല | അതിർത്തിയിലെ മതിലുമായി ബന്ധപ്പെട്ട് ഐടിഐയും അയൽവാസികളും തമ്മിലുള്ള തർക്കം പരിഹരിക്കാതെയിരിക്കുന്നു. |
| 2. | ഐടിഐ കളമശ്ശേരി വർക്ക്ഷോപ്പിന്റെ പരിഷ്കരണം | നിർമ്മിതി കേന്ദ്ര | 3.00 | ഡിസംബർ 2014 | ജോലി ആരംഭിച്ചിട്ടില്ല | അഡ്വാൻസ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റംസ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി, സൈറ്റിൽ സൂക്ഷിച്ചിരിക്കുന്ന പണിയായുധങ്ങളും ഉപകരണങ്ങളും നീക്കിയിട്ടില്ലാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല. |
| 3. | ഐടിഐ കൊല്ലം (വനിത) സ്ത്രീകളുടെ വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം | പൊതു മരാമത്ത് വകുപ്പ് | 7.19 | ഡിസംബർ 2017 | ജോലി ആരംഭിച്ചിട്ടില്ല | നിർമ്മാണത്തിന് നിർദ്ദിഷ്ട സൈറ്റ് യോഗ്യമല്ലാത്തതിനാൽ സൈറ്റ് മാറേണ്ട അവസ്ഥ. |

*(അവലംബം: പരിശീലന ഡയറക്ടറിൽ നിന്ന് ലഭ്യമാക്കിയ വിവരണം)*

അങ്ങനെ, പിഡബ്ല്യുഡിയിലും മറ്റ് ഏജൻസികളിലുമായി ₹40.19 ലക്ഷം ഒന്നു മുതൽ നാലു വർഷം വരെ കെട്ടിക്കിടക്കുന്നു.

### *4.1.9.2. നിർവ്വഹണ ഏജൻസിയുടെ കഴിവ് ഉറപ്പാക്കാതെ സിവിൽ വർക്കുകൾ നടപ്പിലാക്കുന്നതിനായി ആ ഏജൻസിക്ക് ₹17.80 കോടി അനുവദിച്ചത്*

ഡിടിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, തേവലക്കര, ചെങ്ങന്നൂർ, ചാക്ക എന്നിവിടങ്ങളിലെ മൂന്ന് ഐടിഐകളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കണ്ണൂർഐടിഐയിൽ നിലവിലുള്ള ട്രേഡുകളുടെ നിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കേരള സർക്കാർ ₹10 കോടി അനുവദിച്ചു (2013 നവംബർ). സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തപോലെ, മരാമത്തുകളുടെ നടത്തിപ്പിനായി നിർവ്വഹണ ഏജൻസിയായ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (കെഎഎസ്ഇ)[57] പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 12-ൽ (2013 ഡിസംബർ) തുകയെടുത്ത് നിക്ഷേപിച്ചു. കളമശ്ശേരി ഐടിഐയിൽ വർക്ക്ഷോപ്പുകളും ക്ലാസ്മുറികളും നിർമ്മിക്കുന്നതിനും (₹4.80 കോടി) കളമശ്ശേരി, ചെങ്ങന്നൂർ, ചാലക്കുടി എന്നിവിടങ്ങളിലെ മൂന്ന് വനിത ഐടിഐകളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും (₹3.00 കോടി) സർക്കാർ ₹7.80 കോടി കെഎഎസ്ഇക്ക് നൽകി (2014 ഫെബ്രുവരി).

വിവിധ പ്രവർത്തനങ്ങൾക്കായി ₹7.25 ലക്ഷം ചെലവഴിച്ചതിന് ശേഷം കെഎഎസ്ഇ വൈദഗ്ദ്ധ്യത്തിന്റെ അഭാവവും തന്മൂലം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയാത്തതും ചൂണ്ടിക്കാട്ടി ₹17.73 കോടി (2015 ഡിസംബർ) ഡിടിക്ക് റീഫണ്ട് ചെയ്തതായി കണ്ടു.

ഏജൻസിക്ക് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാനുള്ള അതിന്റെ കഴിവ് വിലയിരുത്താതെ ₹17.80 കോടി നൽകിയത് കാരണം പ്രവൃത്തി ആരംഭിക്കുന്നതിൽ പരാജയപ്പെടുകയും തൽഫലമായി രണ്ട് വർഷം വരെ ഫണ്ട് കെട്ടിക്കിടക്കുകയും ചെയ്തുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഏഴ് ഐടിഐകൾക്ക് തന്മൂലം നിലവിലുള്ള ട്രേഡുകൾ നവീകരിക്കാൻ കഴിയാത്തതിനാൽ അധിക അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് ലഭിക്കാമായിരുന്ന ആനുകൂല്യങ്ങൾ (2018 ഒക്ടോബർ) നേടാൻ കഴിഞ്ഞില്ല.

### 4.1.9.3. സിവിൽ വർക്കുകൾ നടപ്പാക്കുന്നതിലെ അപാകതകൾ

രേഖകളുടെ ഓഡിറ്റ് പരിശോധന, 2012-17 കാലയളവിൽ ഐടിഡിയുടെ കീഴിലുള്ള 20 ഐടിഐകളിൽ നിർമ്മാണത്തിനായി നിർദ്ദേശിച്ച ₹42.35 കോടി ചെലവ് കണക്കാക്കപ്പെടുന്ന 24 മരാമത്തുകൾ പൂർത്തീകരിക്കപ്പെട്ടില്ലായെന്ന് വെളിപ്പെടുത്തി (**അനുബന്ധം 4.3**).

ലാക്ഷണിക പരിശോധന നടത്തിയ ഐടിഐകളിൽ ഐടിഐ കട്ടപ്പന, ഐടിഐ ഇളമാട് എന്നിവിടങ്ങളിലെ മരാമത്തുകൾ നിർവഹിക്കുന്നതിൽ പ്രകടമായ കുറവുകൾ കണ്ടെത്തിയത് **അനുബന്ധം 4.4**-ൽ നൽകിയിരിക്കുന്നു.

## 4.1.10. ആസ്തികൾ വിനിയോഗിക്കാത്തതിനാൽ ഐടിഐകളുടെ നവീകരണത്തിനായുള്ള നിഷ്ഫല ചെലവ്

### 4.1.10.1. പുതുതായി നിർമ്മിച്ച കെട്ടിടം ലഭ്യമായിട്ടും കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നതിൽ പരാജയപ്പെട്ടത്

എസ്സിഡിഡിയ്ക്കു കീഴിലുള്ള ആറ് ഐടിഐകളിൽ എൻസിവിടി അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകൾ[58] ആരംഭിക്കുന്നതിന് വേണ്ടി ഓരോന്നിനും ഏകദേശം ₹10 ലക്ഷം വീതം ചെലവിൽ ആറ് കെട്ടിടങ്ങൾ പണിയുന്നതിന് കേരളസർക്കാർ ഭരണാനുമതി നൽകി (2007 സെപ്റ്റംബർ). മരിയാപുരം, വെട്ടിക്കവല, പന്തളം. മടപ്പള്ളി, കേരളാധീശ്വരപുരം, ചെറുവത്തൂർ എന്നിവിടങ്ങളിലെ ഐടിഐകളിലായിരുന്നു കെട്ടിടങ്ങൾ നിർമ്മിക്കേണ്ടിയിരുന്നത്.

ഐടിഐകളുടെ ലാക്ഷണിക പരിശോധന നടത്തിയ സമയത്ത് എസ്സിഡിഡിക്ക് കീഴിലുള്ള കേരളാധീശ്വരപുരം, വെട്ടിക്കവല എന്നിവിടങ്ങളിൽ ആകെ ₹23.76 ലക്ഷം ചെലവാക്കി 2009 ആഗസ്റ്റ് 20-നും 2010 സെപ്റ്റംബർ 15-നും കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വിഭാവനം ചെയ്ത രണ്ട് കമ്പ്യൂട്ടർ

[57] വ്യവസായ ആവശ്യങ്ങൾക്ക് സജ്ജമായ ഒരു തൊഴിൽശക്തി വികസിപ്പിക്കാൻ സഹായിക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ നൈപുണ്യ വികസന സംരംഭങ്ങളെ സഹായിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരളസർക്കാർ രൂപീകരിച്ച ഒരു നോഡൽ ഏജൻസിയായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ)

[58] ഒരു വർഷത്തെ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് കോഴ്സും (സിഒപിഎ) ആറുമാസ ഡാറ്റാ എൻട്രി ഓപ്പറേറ്റർ കോഴ്സും (ഡിഇഒ)

കോഴ്സുകൾ എസ്സിഡിഡി ഇനിയും ആരംഭിക്കാനുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2018 സെപ്റ്റംബർ).

മറ്റ് നാല് ഐടിഐകളിലെ കെട്ടിടങ്ങൾ 2009 മാർച്ച് 05-നും 2010 സെപ്റ്റംബർ 15-നും ഇടയ്ക്ക് പൂർത്തിയായതായി എസ്സിഡിഡി ഓഡിറ്റിനെ അറിയിച്ചു (2018 സെപ്റ്റംബർ). ട്രേഡ് തുടങ്ങാൻ എസ്സിഡിഡി ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ 2009 മാർച്ചിൽ നിർമ്മിച്ച കെട്ടിടങ്ങൾ നിഷ്ക്രിയമായി തുടരുന്നു (2018 സെപ്റ്റംബർ). പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി കേരളസർക്കാരിലേക്ക് അയച്ച (2012 ജനുവരി) നിർദ്ദേശം ഇതുവരെ സർക്കാർ അംഗീകരിച്ചിട്ടില്ല എന്ന് വകുപ്പ് മറുപടി നൽകി (2018 സെപ്റ്റംബർ).

### *4.1.10.2. നിഷ്ക്രിയ ഹോസ്റ്റലുകൾ*

ഐടിഐ നിലമ്പൂരിൽ, എസ്സി, എസ്ടി, ഒബിസി[59], ഒഇസി[60] വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ താമസത്തിന് വേണ്ടി ₹2.33 കോടി ചെലവിൽ 50 കിടക്കകളോടുകൂടിയ ഹോസ്റ്റൽ ആൺകുട്ടികൾക്കും 17 കിടക്കകളോടുകൂടിയ ഹോസ്റ്റൽ പെൺകുട്ടികൾക്കും വേണ്ടി നിർമ്മിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകി (2010 സെപ്റ്റംബർ). വ്യാവസായിക പരിശീലന ഡയറക്ടർ ധനവിനിയോഗ പത്രിക എസ്സിഡിഡി ഡയറക്ടർക്കു നല്കേണ്ടതും 2011 മാർച്ച് 31-ന് മുമ്പ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് എസ്സിഡിഡി ഡയറക്ടർ ഉറപ്പാക്കേണ്ടതുമായിരുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് നിരക്ക് പരിഷ്കരിച്ചതിനാൽ ₹1.36 കോടി അധിക തുകയായി കേരളസർക്കാർ അനുവദിച്ചു (2013 മാർച്ച്). പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റലുകളുടെ നിർമ്മാണം യഥാക്രമം 2016 ഏപ്രിൽ 30നും 2018 ജനുവരി 15-നും പൂർത്തിയായെങ്കിലും അസിസ്റ്റന്റ് ഹോസ്റ്റൽ സൂപ്രണ്ടിന്റെ തസ്തിക അനുവദിക്കാത്തതും ഫർണിച്ചറുകളുടെ അഭാവവും കാരണം ഈ ഹോസ്റ്റലുകൾ ഇന്നുവരെ (2018 ഒക്ടോബർ) നിഷ്ക്രിയമായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ എസ്സി/എസ്ടി/ഒബിസി/ഒഇസി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് നിലമ്പൂർ പോലെ വിദൂരമായ ഒരു പ്രദേശത്ത് ഹോസ്റ്റൽ സൗകര്യം നഷ്ടപ്പെട്ടു. അവിടെ പ്രവേശനം അനുവദിച്ചവരിൽ 80 ശതമാനവും എസ്സി/എസ്ടി വിഭാഗങ്ങളിൽപ്പെട്ടവരാണ്. ഐടിഐ നിലമ്പൂരിൽ ഹോസ്റ്റൽ വാർഡനെ നിയമിക്കുന്നതിനുള്ള പ്രപ്പോസൽ ധനകാര്യ വകുപ്പിന് അയയ്ക്കാമെന്നും അതേസമയം, ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ഒരു ഇൻസ്ട്രക്ടർക്ക് അധിക ചാർജ് നൽകുമെന്നും അന്തിമ കൂടിക്കാഴ്ചയിൽ (2018 ഡിസംബർ) എസിഎസ് ഉറപ്പ് നൽകി.

### 4.1.11. ഹൈ ടെൻഷൻ ഇലക്ട്രിക് കണക്ഷനുവേണ്ടിയുള്ള ഒഴിവാക്കാമായിരുന്ന ചെലവ് ഐടിഐ തേവലക്കരയിൽ ആവർത്തന ചെലവുകളിലേക്ക് നയിക്കുന്നത്

സർവേയർ, പ്ലംബർ, വെൽഡർ എന്നീ മൂന്ന് ട്രേഡുകളിൽ ഐടിഐ തേവലക്കര പരിശീലനം വാഗ്ദാനം ചെയ്യുന്നു. ഈ ട്രേഡുകൾ നടത്തുന്നതിന് ആവശ്യമായ വൈദ്യുതി മാനദണ്ഡങ്ങൾ 22 കിലോ വാട്ട് (സർവേയർ, പ്ലംബർ ട്രേഡുകൾക്ക് മൂന്ന് കിലോ വാട്ട് വീതവും, വെൽഡർ ട്രേഡിന് 16 കിലോ വാട്ടും) ആയിരുന്നു. കെഎസ്ഇബി [61] അതിന്റെ ലോ ടെൻഷൻ (എൽടി) കണക്ഷൻ എന്ന വിഭാഗത്തിൽ ഉപഭോക്താക്കൾക്ക് 100 കെവിഎ വൈദ്യുതി അനുവദിക്കുന്നതിനാൽ ഈ ഐടിഐയുടെ വൈദ്യുതി ആവശ്യകത ഇതിൽ പൂർണ്ണമായും നിറവേറ്റാൻ കഴിയുമായിരുന്നു.

ഐടിഐ തേവലക്കര എൽടി വൈദ്യുതി കണക്ഷൻ എടുക്കുന്നതിനു പകരം ഹൈടെൻഷൻ (എച്ച്ടി) കണക്ഷനു തെറ്റായി അപേക്ഷിച്ചതായും (2016 ഏപ്രിൽ)

---

[59] മറ്റ് പിന്നോക്ക സമുദായങ്ങൾ
[60] യോഗ്യതയുള്ള മറ്റ് സമുദായങ്ങൾ
[61] കേരള സംസ്ഥാന വൈദ്യുതി ബോർഡ്

അതിലേക്കായി 160 കെവിഎ ട്രാൻസ്ഫോർമർ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി ₹14 ലക്ഷം ചെലവഴിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, എച്ച്ടി കണക്ഷനിലേക്ക് പ്രതിമാസം ₹13,300 നിരക്കിൽ നിശ്ചിത ചാർജ്ജും ഐടിഐ നൽകാൻ ബാദ്ധ്യസ്ഥരാണ്.

നേരത്തെ, 2017 മാർച്ചിൽ 259 യൂണിറ്റ് വൈദ്യുതി ഉപഭോഗം മൂലം പ്രതിമാസം വൈദ്യുതി ചാർജിനത്തിൽ ₹1,623 ഒടുക്കിയിരുന്ന ഐടിഐ, 2017 ജൂണിൽ 736 യൂണിറ്റ് വൈദ്യുതി ഉപഭോഗം കാരണം പ്രതിമാസം ₹19,340 ഒടുക്കാൻ നിർബന്ധിതരായതായി ഓഡിറ്റ് നിരീക്ഷിച്ചു. കണക്ടു ചെയ്യപ്പെട്ട ലോഡ് ഐടിഐ പെരുപ്പിച്ചു നിർണ്ണയിച്ചതും അനന്തരഫലമായി എച്ച്ടി വിഭാഗത്തിൽപ്പെടുത്തി ബില്ല് ചെയ്തതും ഐടിഐയ്ക്ക് പ്രതിമാസം ₹1,317.61[62] യുടെ അധിക വൈദ്യുതി ഉപഭോഗനിരക്ക് ഒടുക്കാൻ കാരണമായി. നൽകേണ്ട ശരാശരി ഉപയോഗചാർജ്ജുകൾ കുറയ്ക്കാൻ കണക്ടു ചെയ്ത ലോഡ് 50 കെവിഎയിൽ നിന്നും 15 കെവിഎയായി കുറയ്ക്കുന്നതിന് കെഎസ്ഇബിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കേരള സർക്കാർ മറുപടി നൽകി (2018 ഡിസംബർ).

### *ഐടിഐകളുടെ നവീകരണം*

### 4.1.12. തൊഴിൽ പരിശീലന മെച്ചപ്പെടുത്തൽ പദ്ധതി

രാജ്യത്തെ 1,896 [63] സർക്കാർ ഐടിഐകളിലെ 500-ൽ രണ്ട് ഘട്ടങ്ങളായി [64] സെന്റേഴ്സ് ഓഫ് എക്സലൻസ് (സിഇ) സ്ഥാപിക്കുന്നതിനും പരമ്പരാഗത ട്രേഡുകൾക്ക് നൽകുന്ന പരിശീലനം നവീകരിക്കുന്നതിനുമായി കേന്ദ്രസർക്കാർ വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്ട് വിഭാവനം ചെയ്തു (2004) ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, സിലബസുകൾ പുതുക്കുക, ഐടിഐകളിൽ പുതിയ കോഴ്സുകൾ അവതരിപ്പിക്കുക എന്നിവയായിരുന്നു പരിപാടിയുടെ പ്രധാന ആകർഷണം. സിഇകളായി നവീകരിക്കുന്നതിനായി സംസ്ഥാനത്ത് നിന്ന് കേന്ദ്രസർക്കാർ തെരഞ്ഞെടുത്ത 38 ഐടിഐകളിൽ[65] ആദ്യഘട്ടത്തിൽ അഞ്ച് ഐടിഐകൾ[66] ആഭ്യന്തര വിഭവങ്ങൾ ഉപയോഗിച്ചും രണ്ടാംഘട്ടത്തിൽ ഏഴ് ഐടിഐകൾ[67] ലോകബാങ്കിന്റെ ഫണ്ടിങ്ങ് ഉപയോഗിച്ചും നവീകരിക്കേണ്ടതായിരുന്നു. മൂന്നാംഘട്ടമായി ബാക്കി 26 ഐടിഐകൾ (എസ്സിഡിഡി നടത്തുന്ന നാല് ഐടിഐകൾ ഉൾപ്പെടെ) 2011-12-ന് അവസാനിച്ച പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പിപിപി) വഴി നവീകരിക്കേണ്ടതായിരുന്നു. മെച്ചപ്പെട്ട വിജയശതമാനം, ട്രെയിനികളുടെ ഉദ്യോഗനിയമനം മുതലായവയിലൂടെ ഐടിഐകളുടെ മൊത്തത്തിലുള്ള വികസനം, നിലവിലുള്ള ട്രേഡുകളുടെ നവീകരണം, പുതിയ ട്രേഡുകൾ/അധിക യൂണിറ്റുകൾ അവതരിപ്പിക്കുക എന്നിവ വഴി ഐടിഐകളുടെ നവീകരണം കൈവരിക്കേണ്ടതുണ്ട്.

രാജ്യത്തെ അവശേഷിക്കുന്ന 1396 സർക്കാർ ഐടിഐകളെ പിപിപി വഴി നവീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (2008 ഏപ്രിൽ) കേന്ദ്രസർക്കാർ

---

[62] എൽടി 6എ കാറ്റഗറി ഉപഭോക്താവിനുള്ള നിരക്ക് : 500 യൂണിറ്റ് വരെ ₹5.50/യൂണിറ്റ്; 500 യൂണിറ്റിന് മുകളിൽ ₹6.30/യൂണിറ്റ്
എൽടി കണക്ഷൻ തുടരുകയാണെങ്കിൽ 736 യൂണിറ്റുകൾക്ക് എനർജി ചാർജ് നൽകേണ്ടത്: ₹4236.80 {(500 x ₹5.50) + (236 x ₹6.30)}
ഐടിഐ തേവലക്കര കൊടുത്ത അധിക എനർജി ചാർജ്: ₹5554.61 – ₹4236.80 = ₹1317.61

[63] 2007 ജനുവരി 1-ലെ കണക്കനുസരിച്ച്

[64] ആദ്യഘട്ടത്തിൽ (2005-06) 100 ഐടിഐകളെ ആഭ്യന്തര വിഭവങ്ങൾ ഉപയോഗിച്ച് സിഇകളിലേക്ക് ഉയർത്തേണ്ടതായിരുന്നു. രണ്ടാംഘട്ടത്തിൽ (2006-09) 400 ഐടിഐകളെ ലോകബാങ്ക് സഹായത്തോടെയുള്ള വിടിഐപിയിൽപ്പെടുത്തേണ്ടതായിരുന്നു.

[65] 5+7+26 ഐടിഐകൾ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും മൂന്നാംഘട്ടത്തിലും കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു.

[66] കളമശ്ശേരി, ചാക്ക, ചാലക്കുടി, കൊല്ലം, ഏറ്റുമാനൂർ, എന്നിവിടങ്ങളിലെ ഐടിഐകൾ.

[67] കൊല്ലം (വനിത), പള്ളിക്കത്തോട്, ധനുവച്ചപുരം, ആര്യനാട്, കൊയിലാണ്ടി, കൽപ്പറ്റ, മലമ്പുഴ എന്നീ ഐടിഐകൾ.

പുറപ്പെടുവിച്ചു. തെരഞ്ഞെടുത്ത ഓരോ ഐടിഐയ്ക്കും ഒരു ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (ഐഎംസി) രൂപീകരിച്ച് അത് ബന്ധപ്പെട്ട സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്യണം. പദ്ധതി പ്രകാരം ഐടിഐകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഐഎംസികൾക്ക് നൽകി. ഐഎംസിയ്ക്ക് കേന്ദ്രസർക്കാർ മുഖേന ഓരോ ഐടിഐയ്ക്കും ₹2.50 കോടി പലിശരഹിത വായ്പയായി നൽകാൻ പദ്ധതി വിഭാവനം ചെയ്തു. വായ്പ ഐഎംസിയ്ക്ക് കൊടുത്ത വർഷം മുതൽ പത്തുവർഷത്തെ മൊറട്ടോറിയത്തിന് ശേഷം തിരിച്ചടയ്ക്കാം. 2007-12 കാലയളവിൽ 26 ഐഎംസികൾക്ക് ₹65 കോടി ലഭിച്ചു. വായ്പ എടുത്തതിന്റെ പതിനൊന്നാം വാർഷികം മുതൽ 20 വർഷത്തെ കാലയളവിൽ തുല്യവാർഷിക ഗഡുക്കളായി വായ്പയുടെ തിരിച്ചടവ് ആരംഭിക്കുമെന്ന് വിഭാവനം ചെയ്തു.

ഓഡിറ്റ് കാലയളവ് (2013-18) വായ്പ തുക വിനിയോഗിക്കുന്ന കാലഘട്ടവുമായി ഏകീഭവിക്കുന്നതിനാൽ പദ്ധതിയുടെ മൂന്നാംഘട്ടം നടപ്പാക്കൽ, ഓഡിറ്റ് പരിശോധിച്ചു. അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, ഐടിഐകളിലെ പുതിയ ട്രേഡുകൾ അവതരിപ്പിക്കൽ എന്നിവയുടെ അവസ്ഥ വിലയിരുത്തുന്നതിനായി 26 ഐടിഐകളിൽ ആറെണ്ണത്തിൽ ലാക്ഷണിക പരിശോധന നടത്തി. കണ്ടെത്തലുകൾ ചുവടെ നൽകിയിരിക്കുന്നു.

### *4.1.12.1. പിപിപിക്ക് കീഴിലുള്ള സിവിൽ പ്രവൃത്തികൾ*

ഐടിഐകളുടെ നവീകരണത്തിന് സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ ആറ് ഐടിഐകളിൽ അഞ്ചെണ്ണവും സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയപ്പോൾ 2008-09 കാലയളവിൽ വായ്പ നേടിയിട്ടും, വിഭാവനം ചെയ്ത ₹99.80 ലക്ഷത്തിൽ ₹85.82 ലക്ഷം ചിലവാക്കിയിട്ടും കട്ടപ്പന ഐടിഐയിലെ സിവിൽ ജോലികൾ പൂർത്തിയാകാനുള്ളതായി (2018 സെപ്റ്റംബർ)ഓഡിറ്റ് നിരീക്ഷിച്ചു.

### *4.1.12.2. ഉപകരണങ്ങൾ*

പദ്ധതിമാർഗ്ഗനിർദ്ദേശം നിലവിലുള്ള എൻസിവിടി അഫിലിയേറ്റഡ് ട്രേഡുകൾ നവീകരിക്കുന്നതിനും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി വായ്പ തുക വിനിയോഗിക്കുന്നതിന് അനുവാദം നൽകുന്നു. ഖണ്ഡിക 4.1.4.3-ൽ പറഞ്ഞിരിക്കുന്നതുപോലെ, ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകളിലും ഉപകരണങ്ങളുടെ കുറവ് ഓഡിറ്റ് ശ്രദ്ധിച്ചു. പിപിപി പദ്ധതി പ്രകാരം സിഒഇകളിലേക്ക് നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത ആറ് ഐടിഐകൾ [68] ഇതിൽ ഉൾപ്പെടുന്നു. ഐടിഐകൾക്കുള്ളിൽ ഐഎംസി രൂപീകരിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഡെവലപ്മെന്റ് പ്ലാൻ (ഐഡിപി) അനുസരിച്ച് ലക്ഷ്യ തുകയുടെ 88.32 ശതമാനം 2017-18 വരെയുള്ള കാലയളവിൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും പിപിപി സ്കീം അനുസരിച്ച് മേൽപറഞ്ഞ ആറ് ഐടിഐകളിലെ ട്രേഡുകളിൽ ശരാശരി 17.77 ശതമാനം മുതൽ 36.58 ശതമാനം വരെ ഉപകരണങ്ങളിൽ കുറവുണ്ടായിരുന്നതായി **അനുബന്ധം 4.1**-ൽ ഇതിനകം സൂചിപ്പിച്ചിട്ടുണ്ട്.

സിഒഇകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടതിനാലും ഉപകരണങ്ങൾ നവീകരിക്കുന്നതിന് ഐഡിപിയിൽ ഫണ്ടുകൾ ലഭ്യമായിരുന്നതിനാലും ഈ ഐടിഐകളിലെ ഉപകരണങ്ങളുടെ കുറവിന് യാതൊരു ന്യായീകരണവുമില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

---

[68] ചാത്തന്നൂർ, കട്ടപ്പന, നിലമ്പൂർ, അരീക്കോട് ഐടിഐകളും ഐടിഐ കളമശ്ശേരി (വനിത) ബിടിസി കൊല്ലം.

### 4.1.12.3. ഐടിഐകളിൽ പുതിയ ട്രേഡുകൾ/നിലവിലുള്ള ട്രേഡുകളിലേക്ക് അധിക യൂണിറ്റുകൾ അവതരിപ്പിക്കൽ

നിലവിലുള്ള ട്രേഡുകളിൽ അധിക യൂണിറ്റുകൾ [69] ഏർപ്പെടുത്തുന്നതിലൂടെ നിലവിലുള്ള എൻസിവിടി അഫിലിയേറ്റഡ് ട്രേഡുകൾ നവീകരിക്കുന്നതു കൂടാതെ താൽപര്യമുള്ള ട്രെയിനികൾക്ക് പുതിയ ട്രേഡുകൾ വാഗ്ദാനം ചെയ്യുക എന്നിവയാണ് പിപിപി സമ്പ്രദായത്തിനു കീഴിൽ ഐടിഐകളുടെ നവീകരണത്തിൽ ഉൾപ്പെടുന്നത്. ഐടിഐകൾ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനു മുമ്പ് എൻസിവിടി അഫിലിയേഷൻ നിർബന്ധമാണെന്ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പിപിപി മാർഗ്ഗനിർദ്ദേശങ്ങളുടെ അനുബന്ധം വ്യക്തമാക്കുന്നു.

ആദ്യം എൻസിവിടി അഫിലിയേഷൻ ലഭ്യമാക്കാതെ രണ്ട് പുതിയ യൂണിറ്റുകൾ വീതമുള്ള 16 പുതിയ ട്രേഡുകൾ ആറ് ഐടിഐകൾ അവതരിപ്പിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ആറ് ഐടിഐകളിൽ രണ്ടിടത്ത്[70] നിലവിലുള്ള എട്ട് ട്രേഡുകൾക്ക് ഒരു അധിക യൂണിറ്റ് കൂടി അവതരിപ്പിച്ചു. 2015 മുതലാണ് ഒരു അധിക യൂണിറ്റ് ചേർത്ത ട്രേഡുകളിലൊന്ന് പുതുക്കിയത്[71]. ഈ ട്രേഡുകളിലേക്കുള്ള പ്രവേശനം 2013 മുതൽ ആരംഭിച്ചു. എന്നിരുന്നാലും, പിപിപി മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന എൻസിവിടി അഫിലിയേഷൻ, വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് മുമ്പ് ഈ ട്രേഡുകൾ/അധിക യൂണിറ്റുകൾക്കായി നേടിയിട്ടില്ല.

### 4.1.12.4. ഓഡിറ്റ് കാലയളവിലെ പ്രധാന പ്രകടന സൂചകങ്ങളുടെ നേട്ടം

ഐടിഐകൾക്കുള്ളിൽ ഐഎംസി രൂപപ്പെടുത്തിയ ഐഡിപികളിൽ, പിപിപി പദ്ധതിയുടെ ഫലം വിലയിരുത്താനായി, ഇൻസ്റ്റിറ്റ്യൂട്ട് വികസന പദ്ധതികൾ, പരീക്ഷകളിൽ ഹാജരാകുന്ന വിദ്യാർത്ഥികളുടെ ശതമാനം, പാസ്സായവരുടെ ശതമാനം, വരുമാനത്തിന്റെ ഉറവിടം മുതലായ പ്രധാന പ്രകടന സൂചകങ്ങളുടെ (കെപിഐ) ലക്ഷ്യം ഉൾപ്പെടുത്തിയിരുന്നു. അങ്ങനെ സ്ഥാപനങ്ങൾ തന്നെ അവരവരുടെ കെപിഐ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നു. ലാക്ഷണിക പരിശോധന നടത്തിയ ആറ് ഐടിഐകളിൽ 2014-19[72] വർഷങ്ങളിലെ കെപിഐകൾ ഓഡിറ്റ് പരിശോധിക്കുകയും ഇനിപ്പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു.

#### ട്രെയിനികളുടെ പ്രകടനം

2014-17 [73] കാലയളവിൽ സിഇഒ ആയി നവീകരിക്കപ്പെടാൻ തെരഞ്ഞെടുത്ത ഐടിഐകളിൽ ലാക്ഷണിക പരിശോധന നടത്തിയ ആറെണ്ണത്തിൽ അനുവദനീയമായ പ്രവേശന ശേഷിയും അവസാന സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത ട്രെയിനികളുടെ എണ്ണവും കണക്കാക്കി കെപിഐ-1 ന്റെ നേട്ടത്തിന്റെ അവസ്ഥ ഓഡിറ്റ് വിശകലനം ചെയ്തു. അനുവദനീയമായ 4,191 എണ്ണത്തിൽ, വിവിധ ട്രേഡുകളിൽ പ്രവേശനം നേടിയ ട്രെയിനികളുടെ എണ്ണം 3,975 ആണ്. ഇതിൽ 727 പേർ (18.29 ശതമാനം) അവസാന സെമസ്റ്റർ പരീക്ഷയ്ക്ക് ഹാജരാകുന്നതിൽ പരാജയപ്പെട്ടു. **അനുബന്ധം 4.5**-ൽ കാണിച്ചിരിക്കുന്നതു പോലെ, ഇവർ കോഴ്സിൽ നിന്നും കൊഴിഞ്ഞുപോയവരാകാൻ സാദ്ധ്യതയുണ്ടെന്ന് സൂചിപ്പിക്കുന്നു. ലാക്ഷണിക പരിശോധന നടത്തിയ ഐടിഐകളിൽ മൂന്ന് വർഷങ്ങളിലും ലക്ഷ്യം നേടുന്നതിൽ കട്ടപ്പന ഐടിഐ പരാജയപ്പെട്ടു. അതേ സമയം ഐടിഐ കളമശ്ശേരിയ്ക്ക് (വനിത) 2016-17-ൽ ലക്ഷ്യം കൈവരിക്കാനായില്ല.

---

[69] ഒരു ഷിഫ്റ്റിൽ ഒരു ട്രേഡിൽ പരിശീലനം നേടുന്ന ഒരു കൂട്ടം വിദ്യാർത്ഥികളാണ് ഒരു യൂണിറ്റ്.

[70] ബിടിസി കൊല്ലം, ഐടിഐ അരീക്കോട്

[71] ബിടിസി കൊല്ലത്ത് 2015 മുതൽ ഭക്ഷ്യ ഉൽപ്പാദന (വെജിറ്റേറിയൻ) ട്രേഡ് (ഒരു യൂണിറ്റ് എസ്സിവിടി ഒരു യൂണിറ്റ് എൻസിവിടി) ഭക്ഷ്യ ഉൽപ്പാദന ജനറലായി (2 യൂണിറ്റ്) പരിഷ്കരിക്കുകയും 2018 ആഗസ്റ്റ് മുതൽ എൻസിവിടിയുമായി അഫിലിയേറ്റ് ചെയ്യുകയും ചെയ്തു.

[72] 2013-14-ൽ അവസാനിച്ച ആദ്യ അഞ്ച് വർഷത്തേക്കാണ് ആദ്യത്തെ കെപിഐകൾ സജ്ജീകരിച്ചത്. രണ്ടാമത്തേത് കെപിഐകൾ 2014- 19 കാലയളവായ അടുത്ത അഞ്ച് വർഷത്തേയ്ക്കാണ് സജ്ജമാക്കിയത്.

[73] 2014-19 കാലയളവിൽ രണ്ടാമത്തെ കെപിഐകൾ സജ്ജമാക്കി.

പരീക്ഷയിൽ ഹാജരാകുന്ന വിദ്യാർത്ഥികളെ താരതമ്യപ്പെടുത്തി വിജയികളുടെ ശതമാനം പരിശോധിക്കുന്ന കെപിഐ-2 നെ സംബന്ധിച്ചിടത്തോളം അവസാന സെമസ്റ്റർ പരീക്ഷയ്ക്കു ഹാജരായ 3,248 ട്രെയിനികളിൽ 1,126 പേർ (34.67 ശതമാനം) വിജയിച്ചില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു (**അനുബന്ധം 4.6**). മൂന്ന് വർഷത്തിലും നിശ്ചിത ലക്ഷ്യം നേടുന്നതിൽ ഐടിഐ കട്ടപ്പന പരാജയപ്പെട്ടു. അതേ സമയം ബിടിസി കൊല്ലം 2015-16-ലും 2016-17-ലും ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു. 2015-16-ൽ ഐടിഐ ചാത്തന്നൂർ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടപ്പോൾ ഐടിഐ കളമശ്ശേരി (വനിത) യും അരീക്കോടും 2016-17-ൽ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു.

### *വരുമാന ഉണ്ടാക്കൽ*

ഐടിഐയുടെ നടത്തിപ്പ് മാത്രമല്ല, പദ്ധതിയ്ക്ക് കീഴിൽ എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിനും മതിയായ വരുമാനം ഉണ്ടാക്കുന്നതിനുമുള്ള നടപടികൾ കേരളസർക്കാരും ഐടിഐയുടെ ഐഎംസിയും ഏറ്റെടുക്കണമെന്ന് പിപിപി മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിരുന്നു. അതിനായി, പരിശീലനത്തിനു വേണ്ട ഉപഭോഗ വസ്തുക്കളും മറ്റും വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് ഐഎംസികൾ ഉണ്ടാക്കേണ്ടതാണ്. 20 വർഷ കാലയളവിൽ നൽകിയ ₹2.50 കോടി വായ്പയുടെ തിരിച്ചടവ്, വായ്പ എടുത്ത തീയതിയുടെ പതിനൊന്നാം വാർഷികം മുതൽ പ്രതിവർഷം ₹12.50 ലക്ഷത്തിന്റെ തുല്യമായ തവണകളായി ആരംഭിക്കേണ്ടതായിരുന്നു. ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഹ്രസ്വകാല പരിശീലന കോഴ്സുകൾ, വിദഗ്ദ്ധാഭിപ്രായാന്വേഷണം, സ്വകാര്യഫണ്ടുകൾ ആകർഷിക്കൽ തുടങ്ങിയാണ് വരുമാനത്തിന്റെ പ്രധാന ഉറവിടമെന്ന് വിഭാവനം ചെയ്തിരുന്നു. 2014-15, 2015-16, 2016-17 വർഷങ്ങളിൽ വരുമാനമുണ്ടാക്കാൻ ലക്ഷ്യമിട്ട വാർഷിക ലക്ഷ്യം ₹ അഞ്ച് ലക്ഷം, ₹10 ലക്ഷം, ₹15 ലക്ഷം എന്നിങ്ങനെ ആയിരുന്നു. ഐടിഐ അരീക്കോട് ഒഴികെയുള്ള ലാക്ഷണിക പരിശോധന നടത്തിയ ആറ് ഐടിഐകളിലൊന്നിലും ഇത് നേടാനായില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഐടിഐ അരീക്കോട് ₹ അഞ്ച് ലക്ഷത്തിന്റെ ലക്ഷ്യം 2014-15 വർഷത്തിൽ കൈവരിച്ചിരുന്നു.

**ചാർട്ട് 4.1: ലാക്ഷണിക പരിശോധന നടത്തിയ ആറ് ഐടിഐകളുടെ വരുമാനം**




| | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|
| ഐടിഐ ചാത്തന്നൂർ | 2.11 | 2.56 | 1.70 | 1.89 | 8.50 |
| ബിടിസി കൊല്ലം | 0.59 | 1.03 | 0.73 | 6.79 | 2.30 |
| ഐടിഐ കട്ടപ്പന | 0.00 | 0.00 | 0.00 | 4.84 | 4.70 |
| ഐടിഐ നിലമ്പൂർ | 0.00 | 0.00 | 0.29 | 0.06 | 2.17 |
| ഐടിഐ അരീക്കോട് | 5.30 | 5.92 | 6.68 | 6.49 | 8.99 |
| ഐടിഐ കളമശ്ശേരി (വനിത) | 0.80 | 0.56 | 1.20 | 2.44 | 6.94 |

### 4.1.13. ഉപസംഹാരം

ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകൾ ഒന്നും തന്നെ നിശ്ചിത എൻസിവിടി ആവശ്യകതകൾ പാലിക്കുന്നില്ല. എൻസിവിടിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐടിഐകളിൽ പോലും ആവശ്യമായ സൗകര്യങ്ങൾ ഇല്ലായിരുന്നു. എസ്ടിഡിഡിക്ക് കീഴിലുള്ള ഐടിഐകൾ നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട ഫലങ്ങൾ സൃഷ്ടിക്കുന്നതിന് ശക്തിപ്പെടുത്തേണ്ടതുണ്ട്. സെന്റേഴ്സ് ഓഫ് എക്സലൻസായി നവീകരിക്കാൻ തെരഞ്ഞെടുക്കപ്പെട്ട ആറ് ഐടിഐകൾ ഉൾപ്പെടെയുള്ള ഐടിഐകളിൽ പണിയായുധങ്ങളുടെയും ഉപകരണങ്ങളുടെയും കുറവുള്ളതായി കണ്ടെത്തി. സിവിൽ ജോലികൾ നടപ്പിലാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയും ആസ്തികൾ നിഷ്ക്രിയമാക്കുന്നതും കാരണം ഐടിഐകളുടെ നവീകരണം തടസ്സപ്പെട്ടു. ഐടിഐ കോഴ്സുകൾക്ക് ആവശ്യക്കാർ കൂടുകയും അവയ്ക്കുള്ള ജോലി സാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, കേന്ദ്രസർക്കാർ വിഭാവനം ചെയ്തതുപോലെ ഐടിഐകളുടെ ആധുനികവത്കരണവും നവീകരണവും കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. തൊഴിലവസരങ്ങൾ കരസ്ഥമാക്കാൻ മെച്ചപ്പെട്ട രീതിയിൽ ട്രെയിനികളെ പ്രാപ്തരാക്കുന്നത് ഉറപ്പാക്കാനായി സംസ്ഥാനത്തെ ഐടിഐകൾ ആധുനികവൽക്കരിക്കാനും നവീകരിക്കാനും വേണ്ടി കണ്ടെത്തിയ പോരായ്മകൾ നികത്തണം.

## മേൽനോട്ടത്തിന്റെ/ഭരണപരമായ നിയന്ത്രണങ്ങളുടെ പരാജയം

## ഉപഭോക്തൃകാര്യ വകുപ്പ്

### 4.2. നിയമസംഹിതകൾ പാലിക്കാതിരുന്നത് ₹0.28 ലക്ഷത്തിന്റെ ദുർവിനിയോഗത്തിലേയ്ക്ക് നയിച്ചു

**നിയമസംഹിതകൾ പാലിക്കാതിരുന്നത് ലീഗൽ മെട്രോളജി, നെയ്യാറ്റിൻകര, സർക്കിൾ 2-ലെ ഇൻസ്പെക്ടർക്ക് ₹28,202-ന്റെ ദുർവിനിയോഗത്തിന് സൗകര്യമൊരുക്കി.**

കേരള ട്രഷറി കോഡ് (കെറ്റിസി) അനുസരിച്ച് പണം കൈകാര്യം ചെയ്യുന്ന എല്ലാ സർക്കാർ ഉദ്യോഗസ്ഥരും എല്ലാ പണമിടപാടുകളും അവ നടക്കുന്ന സമയത്ത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും അത് സ്ഥാപന മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥാപന മേധാവിയോ അല്ലെങ്കിൽ ക്യാഷ് ബുക്ക് എഴുതിയ ആൾ ഒഴികെ ഉത്തരവാദപ്പെട്ട മറ്റാരെങ്കിലുമോ ക്യാഷ് ബുക്കിന്റെ ആകെത്തുക പരിശോധിക്കേണ്ടതും അത് ശരിയെന്ന് ബോദ്ധ്യപ്പെട്ട് ഒപ്പിടേണ്ടതുമാണ്. ഓരോ മാസത്തിന്റെയും ഒടുവിൽ സ്ഥാപന മേധാവി ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് പരിശോധിക്കേണ്ടതും ആയതിലേയ്ക്ക് ഒപ്പും തീയതിയുമുള്ള സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. കെറ്റിസി അനുസരിച്ച് സർക്കാർ അധികാരിയുടെ കൈവശമുള്ള സർക്കാർ പണം ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കുമ്പോൾ, അത്തരത്തിൽ പണമൊടുക്കുന്ന സ്ഥാപന മേധാവി അവ സാക്ഷ്യപ്പെടുത്തുന്നതിനുമുമ്പ് ക്യാഷ് ബുക്കിലെ ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ ട്രഷറി ഓഫീസറുടെ/ബാങ്കിന്റെ രസീതുമായി/ പാസ് ബുക്കുമായി താരതമ്യം ചെയ്യേണ്ടതും തുകകൾ ട്രഷറിയിലോ ബാങ്കിലോ യഥാർത്ഥത്തിൽ വരവു വച്ചതായി സ്വയം ബോദ്ധ്യപ്പെടേണ്ടതുമാണ്.

കേരള ലീഗൽ മെട്രോളജി മാനുവൽ പ്രകാരം ക്യാഷ് ബുക്കിന്റെയും മറ്റ് കാര്യാലയ രേഖകളുടെയും പരിപാലനത്തിന്റെ ചുമതല ഇൻസ്പെക്ടർക്കാണ്.

ലീഗൽ മെട്രോളജി അധികാരികൾ ശേഖരിക്കുന്ന വിവിധ ഫീസുകൾ [74] ക്യാഷ്ബുക്കിൽ എഴുതണമെന്നും മാനുവൽ നിഷ്കർഷിക്കുന്നു. അതുപോലെ, ട്രഷറിയിലേയ്ക്കുള്ള ഒടുക്കലുകൾ [75] ക്യാഷ് ബുക്കിൽ ദിവസവും രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഓഫീസർ മാസ സംഗ്രഹം എഴുതുകയും ഒപ്പു വയ്ക്കുകയും ചെയ്യണം.

2018 മേയ് മുതൽ 2018 ആഗസ്റ്റ് വരെ ലീഗൽ മെട്രോളജി വകുപ്പിൽ നടത്തിയ അനുവർത്തന ഓഡിറ്റിനിടെ തിരുവനന്തപുരം ജില്ലയിലുള്ള ഒൻപത് സീനിയർ ഇൻസ്പെക്ടർ/ഇൻസ്പെക്ടർ ഓഫീസുകളിൽ അഞ്ചെണ്ണത്തിലെ രേഖകൾ ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കി. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ലീഗൽ മെട്രോളജി, സർക്കിൾ 2-ലെ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ 2016 ആഗസ്റ്റ് മുതൽ 2017 ഒക്ടോബർ വരെയുള്ള കാലയളവിലെ ഡിപ്പാർട്ട്മെന്റൽ രസീതുകൾ[76] ഉൾപ്പെടെയുള്ള ടിആർ5[77] രസീതുകളുടെ പകർപ്പുകളും ട്രഷറി ഒടുക്കലുകൾ കാണിക്കുന്ന ചല്ലാൻ രസീതു കുറ്റികളും ലാക്ഷണിക പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ എല്ലാ വരവുകളും സർക്കാർ അക്കൗണ്ടിൽ അടച്ചിട്ടില്ല എന്ന് വ്യക്തമായി. 2017 ജൂൺ മുതൽ 2017 ഒക്ടോബർ വരെയുള്ള കാലയളവിൽ ഇൻസ്പെക്ടർ ശേഖരിച്ച ₹12.72 ലക്ഷം വരവിന്റെ സ്ഥാനത്ത് ₹27,852 കുറച്ച് ട്രഷറിയിൽ അടയ്ക്കുക വഴി സർക്കാർ അക്കൗണ്ടിൽ ₹12.44 ലക്ഷം മാത്രമേ ഒടുക്കിയിട്ടുള്ളൂ.

ക്യാഷ് ബുക്കിൽ വരുത്തിയ രേഖപ്പെടുത്തലുകൾ, ടിആർ5/ഡിപ്പാർട്ട്മെന്റൽ രസീതുകൾ, ബന്ധപ്പെട്ട കാലയളവിലെ ചല്ലാൻ രസീതു കുറ്റികൾ എന്നിവയുമായി ഒത്തു നോക്കിയുള്ള ഒരു സമഗ്രമായ പരിശോധന ഓഡിറ്റ് നടത്തി. നിയമ സംഹിതകൾക്കനുസൃതമായല്ല ക്യാഷ് ബുക്ക് സൂക്ഷിച്ചിരുന്നത് എന്ന് ഓഡിറ്റ് കണ്ടെത്തി. ക്യാഷ് ബുക്ക് എഴുതിയിരുന്ന ഇൻസ്പെക്ടർ തന്നെയായിരുന്നു ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പാക്കാൻ ഉത്തരവാദപ്പെട്ട സ്ഥാപന മേധാവിയും. ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ, നിരവധി മായ്ക്കലുകളും തിരുത്തലുകളുമായി വൃത്തിഹീനമായാണ് എഴുതിയിരുന്നത്. ക്യാഷ് ബുക്കിലെ വരവുകൾ 2017 ജൂൺ 01 മുതൽ 2017 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ ഏഴു സന്ദർഭങ്ങളിൽ അധികമായെഴുതുകയോ കുറച്ചെഴുതുകയോ ചെയ്തതിന്റെ ഫലമായി 2017 ഒക്ടോബർ അവസാന നീക്കിയിരുപ്പിൽ ₹557-ന്റെ കുറവ് വന്നതായി ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. കൂടാതെ, 2017 ജൂൺ 28-ന് യഥാർത്ഥത്തിലുള്ള ₹30,325[78]-ന്റെ സ്ഥാനത്ത് നീക്കിയിരുപ്പായി ₹2,680 എന്ന് തെറ്റായി രേഖപ്പെടുത്തുക വഴി നീക്കിയിരുപ്പ് കുറച്ച് കാണിച്ചതായി വെളിപ്പെടുകയും തൽഫലമായി ₹27,645-ന്റെ ദുർവിനിയോഗം ഉണ്ടാവുകയും ചെയ്തു. അങ്ങനെ, 2017 ജൂൺ മുതൽ 2017 ഒക്ടോബർ വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര, സർക്കിൾ 2-ലെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ വഴിയുണ്ടായ ₹28,202-ന്റെ ദുർവിനിയോഗം ഓഡിറ്റ് കണ്ടെത്തി.

സ്ഥാപന മേധാവിയായ ഇൻസ്പെക്ടർ തന്നെ ക്യാഷ് ബുക്ക് എഴുതിയിരുന്നു എന്നത് സൂചിപ്പിക്കുന്നത് ഉചിതമായ നിയന്ത്രണങ്ങളുടെയും പരിശോധനകളുടെയും പോരായ്മയും അത് സർക്കാർ പണത്തിന്റെ ദുർവിനിയോഗത്തിന് ഇടയാക്കി എന്നതുമാണ്. കൂടാതെ, കാര്യാലയങ്ങളുടെ

---

[74] പരിശോധന ഫീസ്, മുദ്ര ഫീസ്, കോമ്പൗണ്ടിംഗ് ഫീസ്, ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ്, പരിശോധന സർട്ടിഫിക്കറ്റ് പകർപ്പ് ഫീസ്, മറ്റുള്ള ഫീസുകൾ

[75] ട്രഷറിയിലേയ്ക്കുള്ള ഒടുക്കലുകൾ നിശ്ചിത ദിവസങ്ങളിലാണ് ചെയ്യേണ്ടത്. അതായത്, ബുധനാഴ്ചകൾ, മാസത്തിലെ 15-ാം തീയതി, മാസത്തിലെ അവസാന പ്രവൃത്തി ദിവസം.

[76] സ്റ്റാമ്പ് ഫീസ് ഡിപ്പാർട്ട്മെന്റൽ രസീതുപയോഗിച്ച് ശേഖരിക്കുമ്പോൾ, കോമ്പൗണ്ടിംഗ് ഫീസ്, ലൈസൻസ് ഫീസ്, പാക്കിംഗ് രജിസ്ട്രേഷൻ ഫീസ് മുതലായ മറ്റു വരവുകൾ ടിആർ5 രസീതുപയോഗിച്ചാണ് ശേഖരിക്കുന്നത്.

[77] സർക്കാർ, പൊതു ഉത്തരവിലൂടെയോ വിശേഷ ഉത്തരവിലൂടെയോ രസീത് നൽകുന്നത് ഒഴിവാക്കുന്നതൊഴിച്ചുള്ള എല്ലാ അവസരങ്ങളിലും സർക്കാരിനുവേണ്ടി ഒരു സർക്കാർ സേവകൻ പോസ്റ്റൽ മണി ഓർഡർ ഉൾപ്പെടെയുള്ള പണം സ്വീകരിക്കുമ്പോൾ വാങ്ങുന്നയാളിന് ടിആർ5-ൽ രസീത് നൽകേണ്ടതാണ്.

[78] തുടക്ക തുക ₹71,985 + വരവ് ₹2,680 = ആകെ വരവ് ₹74,665.
ആകെ വരവ് ₹74,665 – ട്രഷറിയിൽ ഒടുക്കിയത് ₹44,340 = ഒടുക്ക തുക ₹30,325.

**ത്രൈമാസ പരിശോധന നടത്തേണ്ടയാളായ അസിസ്റ്റന്റ് കൺട്രോളർ, നെയ്യാറ്റിൻകര സർക്കിൾ 2-ലെ ലീഗൽ മെട്രോളജി ഇൻസ്പെക്ടറുടെ ഓഫീസിൽ 2011 ഡിസംബർ വരെയുള്ള കാലയളവിലെ പരിശോധന മാത്രമാണ് നടത്തിയത് (2012 ജൂലൈ). മാനുവൽ പ്രകാരമുള്ള ഡെപ്യൂട്ടി കൺട്രോളറുടെ വാർഷിക പരിശോധന 2016 ഡിസംബർ വരെയുള്ള കാലയളവ് ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഏപ്രിലിൽ നടന്നു. കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തിയിരുന്നെങ്കിൽ ദുർവിനിയോഗം നേരത്തേ കണ്ടുപിടിക്കാമായിരുന്നു.**

**അങ്ങനെ, നിയമസംഹിതകൾ പാലിക്കാത്തത് നെയ്യാറ്റിൻകര സർക്കിൾ 2-ലെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർക്ക് ₹28,202 ദുർവിനിയോഗം ചെയ്യുന്നതിന് സൗകര്യമൊരുക്കി.**

**ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തതായി (2018 നവംബർ) കേരളസർക്കാർ മറുപടി നൽകി (2019 ജനുവരി). വിഷയത്തിൽ അന്വേഷണം നടത്താനായി ലീഗൽ മെട്രോളജി വകുപ്പിന്റെ വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തുകയും ബന്ധപ്പെട്ട ഡെപ്യൂട്ടി കൺട്രോളർ, അസിസ്റ്റന്റ് കൺട്രോളർ എന്നിവരിൽ നിന്ന് യഥാസമയത്തുള്ള പരിശോധനകൾ നടത്തുന്നതിൽ അവരുടെ ഭാഗത്തുണ്ടായ വീഴ്ചയെപ്പറ്റി വിശദീകരണം തേടുകയും ചെയ്തു.**

## സഹകരണ വകുപ്പ്

### 4.3. നിർദ്ദിഷ്ട എൻജിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണം ഉപേക്ഷിച്ചതു മൂലമുണ്ടായ ₹8.91 കോടിയുടെ നിഷ്ഫലമായ ചെലവ്

**എൻജിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായുള്ള ധനസമാഹരണത്തിന്റെ രീതി ശരിയായി നിർണ്ണയിക്കുന്നതിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് വന്ന വീഴ്ച, കുറഞ്ഞത് ₹8.91 കോടിയുടെ ഒഴിവാക്കാമായിരുന്ന നിഷ്ഫലമായ ചെലവിനു കാരണമായി.**

കേരളസർക്കാരിന്റെ സഹകരണ വകുപ്പ് പിന്തുണ നൽകുന്ന സ്വയംഭരണ സ്ഥാപനമായ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), തൃശ്ശൂർ ജില്ലയിൽ ഒരു എൻജിനീയറിംഗ് കോളേജ് തുടങ്ങാനുള്ള നിർദ്ദേശം 2012 ഏപ്രിലിൽ മുന്നോട്ടു വച്ചു. കേപ്പിന്റെ കീഴിൽ വരുന്ന നാല് എൻജിനീയറിംഗ് കോളേജുകളിലെ[79] പ്രിൻസിപ്പലുമാർ ഉൾപ്പെട്ട ഒരു സമിതിയുടെ ശുപാർശകളുടെ (2012 ഏപ്രിൽ) അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ തീരുമാനം എടുത്തത്. അതനുസരിച്ച്, കോളേജ് തുടങ്ങാനുള്ള തീരുമാനം 2012-13 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ എൻജിനിയറിംഗ് കോളേജ് തുടങ്ങാനായി കേപ്പിന് 5.40 ഏക്കർ സ്ഥലം കൈമാറാനുള്ള അനുമതിയും കേരളസർക്കാർ നൽകി (2015 ജൂൺ). തുടർന്ന് ₹46 കോടിയുടെ അടങ്കൽ തുകയ്ക്കുള്ള നിർമ്മാണത്തിനായുള്ള ഭരണാനുമതി കേപ്പ് പുറപ്പെടുവിച്ചു (2015 ആഗസ്റ്റ്). 2015-16-ലെ സംസ്ഥാന ബജറ്റിൽ അനുവദിച്ച ₹ നാലു കോടിയുടെ ധനസഹായം, സഹകരണ സൊസൈറ്റികളുടെ വിദ്യാഭ്യാസ നിധിയിൽ നിന്നുള്ള ₹12 കോടിയുടെ ധനസഹായം, കേരള സംസ്ഥാന സഹകരണ ബാങ്കിൽ (കെഎസ്സിബി) നിന്നുള്ള ₹20 കോടി വായ്പ, സ്വന്തം വിഭവ മാർഗ്ഗങ്ങളിൽ നിന്നുള്ള ₹10 കോടി എന്നിവയിൽ നിന്നാണ് ചെലവിലേയ്ക്കായുള്ള ₹46 കോടി സ്വരൂപിക്കാനായി നിർദ്ദേശിച്ചിരുന്നത്.

[79] തലശ്ശേരി, പത്തനാപുരം, വടകര, പുന്നപ്ര എന്നിവിടങ്ങളിലെ കേപ്പ് എൻജിനീയറിംഗ് കോളേജുകൾ

കേപ്പ് ഡയറക്ടർ ആഗസ്റ്റ് 2015-ൽ ദർഘാസ് ക്ഷണിക്കുകയും മെ. ഫിൻസ് എൻജിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് (കരാറുകാരൻ) ₹43.42 കോടിയ്ക്ക് (അടങ്കൽ തുകയിൽ നിന്ന് 5.20 ശതമാനം കുറവ്) ജോലി ഏൽപ്പിക്കുകയും ചെയ്തു (2015 സെപ്റ്റംബർ). 2017 ഏപ്രിലിൽ പണി പൂർത്തിയാക്കാനുള്ള ഒരു എഗ്രിമെന്റ് കരാറുകാരനുമായി ഉണ്ടാക്കുകയും ചെയ്തു (2015 സെപ്റ്റംബർ).

ജോലി പുരോഗമിക്കുന്നതിനിടെ, പ്രതീക്ഷിച്ച പണത്തിന്റെ ലഭ്യതക്കുറവും നിരീക്ഷണ ജീവനക്കാരുടെ കുറവും ചൂണ്ടിക്കാട്ടി, മൂന്നു മാസത്തേയ്ക്ക് പണി താൽക്കാലികമായി നിർത്താനുള്ള നിർദ്ദേശവുമായി, കേപ് ഡയറക്ടർ കരാറുകാരന് സ്റ്റോപ്പ് മെമ്മോ നൽകി (2016 ജൂലൈ). പിന്നീട്, സഹകരണ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ (2016 ആഗസ്റ്റ്) കേപ്പ് അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയെപ്പറ്റിയും തൽഫലമായി ജോലി തുടർന്നു കൊണ്ടുപോകുന്നതിലെ ബുദ്ധിമുട്ടിനെപ്പറ്റിയും ഡയറക്ടർ യോഗത്തെ ധരിപ്പിച്ചു. അതുവരെ ചെയ്ത നിർമ്മിതികൾ സംരക്ഷിക്കാനായി അവശ്യം വേണ്ടതായ ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണത്തിനായുള്ള ജോലികൾ വിലയിരുത്താനുള്ള തീരുമാനം യോഗത്തിൽ ഉണ്ടായി. കേപ്പിലെയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെയും (കെഎസ്എച്ച്ബി) എൻജിനീയർമാർ അടങ്ങിയ ഒരു പരിശോധനാ സംഘം നിർദ്ദേശിച്ചത് (2016 ആഗസ്റ്റ്) കുറഞ്ഞത് ബ്ലോക്ക് 2-ന്റെ നിർമ്മാണം ഒരു നില വരെയെങ്കിലും തുടരാനും ചുറ്റുമതിലും മണ്ണിടീലും പൂർത്തിയാക്കാനുമാണ്. പ്രസ്തുത ജോലികൾ 2017 ആഗസ്റ്റിൽ പൂർത്തിയായി.

പദ്ധതിച്ചെലവായി 2018 ജൂലൈ വരെ വകയിരുത്തിയ ₹12.41 കോടിയിൽ കെഎസ്എച്ച്ബിയ്ക്ക് ഉപദേശക ഫീസായി നൽകിയ ₹0.28 കോടി ഉൾപ്പെടെ ₹8.91 കോടി ചെലവായതായി ഓഡിറ്റ് നിരീക്ഷിച്ചു. കേരള സംസ്ഥാന സഹകരണ വിദ്യാഭ്യാസ നിധി പദ്ധതി 2015-ൽ നിന്നുള്ള ₹8.60 കോടിയും കേപ്പിന്റെ സ്വന്തം നിധിയിൽ നിന്നുള്ള ₹0.31 കോടിയും എടുത്താണ് ₹8.91 കോടിയുടെ ചെലവും നിർവ്വഹിച്ചത്. ₹3.50 കോടി കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു (2018 ഒക്ടോബർ).

പണി നിർത്തിവയ്ക്കാനും ഭൂമിയും കെട്ടിടവും വ്യവസായ വകുപ്പിന് കൈമാറാനുമായി കേപ്പ് ഔപചാരികമായി തീരുമാനിച്ചു (2017 ജൂൺ). എന്നാൽ, കെട്ടിടം ഒരു കോളേജിനായി രൂപകല്പന ചെയ്തതിനാലും വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാലും ഈ വാഗ്ദാനം വ്യവസായ വകുപ്പ് നിരസിച്ചു (2018 ജൂലൈ).

അങ്ങനെ, ഒരു എൻജിനീയറിംഗ് കോളേജ് നിർമ്മാണത്തിനായി ചെലവഴിച്ച ₹8.91 കോടി നിഷ്ഫലമായി. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതുപോലെ ബാങ്ക് വായ്പകൾ സ്വരൂപിക്കുന്നതിനുള്ള സമുചിത മാർഗ്ഗങ്ങൾ കേപ്പിനില്ലായിരുന്നുവെന്നും കേപ്പിന്റെ എൻജിനീയറിംഗ് കോളേജുകളിലെ മോശം അഡ്മിഷൻ നിരക്ക് കാരണം സ്ഥാപനത്തിന്റെ വരുമാനത്തിൽ കുറവു വന്നുവെന്നും കേപ്പ് ഡയറക്ടർ പ്രസ്താവിച്ചു (2017 സെപ്റ്റംബർ).

പദ്ധതിയുടെ മൊത്തം മൂലധന ചെലവിന്റെ ഏകദേശം 75 ശതമാനം നികത്താൻ കേരളസർക്കാരിൽ നിന്നുള്ള സാമ്പത്തിക പിന്തുണ വേണ്ടിവരുമെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും (2012 ഏപ്രിൽ) അത് കേപ്പ് അവഗണിച്ചിരുന്നതിനാൽ മേൽപ്പറഞ്ഞ മറുപടി സ്വീകാര്യമല്ല. സാമ്പത്തികാവശ്യത്തിന്റെ ബാക്കി തുക ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ മുഖാന്തരം കണ്ടെത്തേണ്ടതായിരുന്നു. അങ്ങനെ, പദ്ധതി സാമ്പത്തികമായി ക്ഷമതയുള്ളതാക്കാനായി, മൂലധന ചെലവായി കണക്കാക്കിയിരുന്ന ₹46 കോടിയിൽ ₹34.50 കോടി കേരളസർക്കാരിൽ നിന്ന് വാങ്ങേണ്ടിയിരുന്നതും ബാക്കി തുകയായ ₹11.50 കോടി ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കേണ്ടിയിരുന്നതുമായിരുന്നു.

എന്നാൽ, പ്രവൃത്തിയ്ക്കുള്ള ഭരണാനുമതി 2015 ആഗസ്റ്റിൽ നൽകുമ്പോൾ ഈ പ്രധാനപ്പെട്ട വശം കേപ്പ് അവഗണിച്ചു. സമിതി മുന്നോട്ടു വച്ച ശുപാർശകൾക്ക് വിരുദ്ധമായി, കേരളസർക്കാർ വിഹിതം കേവലം ₹ നാലു കോടിയായി പരിമിതപ്പെടുത്തുകയും ബാക്കിയുള്ള തുക സ്വന്തം വിഭവശേഷിയിൽ നിന്നും കെഎസ്സിബിയിൽ നിന്നും വായ്പയായും സഹകരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ നിധിയിൽ നിന്ന് സഹായമായും കണ്ടെത്താൻ കേപ്പ് നിശ്ചയിച്ചു.

വ്യവസായ വകുപ്പിന്റെ മറ്റു സർക്കാർ സംരംഭങ്ങൾക്കായി കെട്ടിടം ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ തേടുന്നുണ്ടെന്നും അതിനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്നും കേരളസർക്കാർ പ്രസ്താവിച്ചു (2018 ഒക്ടോബർ). എന്നാൽ, നിർദ്ദിഷ്ട എൻജിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനുവേണ്ടിയുള്ള പദ്ധതിയുടെ ധനശേഖരണ മാർഗ്ഗം കൃത്യമായി നിർണ്ണയിക്കുന്നതിൽ കേപ്പിനുണ്ടായ വീഴ്ച, കുറഞ്ഞത് ₹8.91 കോടിയുടെ ഒഴിവാക്കാമായിരുന്ന, ഫലപ്രാപ്തിയിലെത്താത്ത ചെലവിനിടയാക്കിയെന്നുള്ള വസ്തുത നിലനിൽക്കുന്നു.

## മത്സ്യബന്ധന വകുപ്പ്

### 4.4. മറൈൻ ഡീസൽ എൻജിനുകൾ സംഭരിച്ചതിലുണ്ടായ ₹1.29 കോടിയുടെ പാഴ്ചെലവ്

**മത്സ്യഫെഡ് സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതും മറൈൻ ഡീസൽ എൻജിനുകളുടെ സംഭരണത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്താത്തതും നിലവിലുള്ള മണ്ണെണ്ണ എൻജിനുകൾക്ക് ഫലപ്രദമായ ബദൽ കണ്ടെത്തുന്നതിലുണ്ടായ പരാജയവും ₹1.29 കോടിയുടെ നിഷ്ഫലമായ ചെലവിനിടയാക്കി.**

കേന്ദ്ര വിജിലൻസ് കമ്മീഷൻ (സിവിസി), സങ്കീർണ്ണമായ ഉപകരണങ്ങൾ/യന്ത്ര സംവിധാനങ്ങൾ കരസ്ഥമാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (ഫെബ്രുവരി 2011). വിപണിയിലെ വിവിധ സാങ്കേതിക പരിഹാരങ്ങളെക്കുറിച്ച് അറിവില്ലാത്ത സ്ഥാപനങ്ങൾ, പരിചയ സമ്പത്തുള്ള ഉത്പാദകർ/വിതരണക്കാരുമായുള്ള സുതാര്യമായ സാങ്കേതിക ചർച്ചകൾ/അവതരണങ്ങളുടെ അടിസ്ഥാനത്തിൽ അവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുകയും യന്ത്രങ്ങളുടെ/ഉപകരണങ്ങളുടെ സവിശേഷതകൾ തീരുമാനിക്കുകയും ചെയ്യുന്നതാവും ഉചിതം എന്ന് സിവിസി അഭിപ്രായപ്പെടുന്നു. സിവിസി മാർഗ്ഗ നിർദ്ദേശങ്ങൾ[80] (2002 ജനുവരി) വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് വിപുലമായ ഖ്യാതി നൽകുന്നതിനും ആവശ്യാനുസരണം മത്സര സ്വഭാവം ഉണ്ടാക്കുന്നതിനും പക്ഷപാതം ഒഴിവാക്കുന്നതിനുമായി കഴിവതും ഇന്ത്യൻ ട്രേഡ് ജേർണൽ, ദേശീയ ദിനപ്പത്രങ്ങൾ എന്നിവയിൽ പരസ്യം/ആഗോള ദർഘാസ് പ്രസിദ്ധീകരിക്കണം.

കേരളാ സ്റ്റേറ്റ് കോഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്)[81] മത്സ്യത്തൊഴിലാളികളുടെ ഇന്ധനബിൽ കുറയ്ക്കുന്ന തിനും ആളോഹരി വരുമാനം കൂട്ടുന്നതിനുമായി ടു സ്ട്രോക്ക് - മണ്ണെണ്ണ എൻജിനുകൾ മാറ്റി ബദൽ പ്രൊപ്പൽഷൻ സംവിധാനം കൊണ്ടു വരുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു (2006 മാർച്ച്). ഇതിനായി തായ്‌ലാന്റിലുള്ള യാൻമാർ എസ്പി കമ്പനി ലിമിറ്റഡുമായി (യാൻമാർ) ചർച്ചകൾ സംഘടിപ്പിക്കുകയും (2006

---

[80] സാധാരണ ക്രമക്കേടുകൾ/സ്റ്റോറുകൾ/പർച്ചേസ് ഉടമ്പടികളിൽ കാണപ്പെട്ട വീഴ്ചകൾ, സംഭരണ സംവിധാനങ്ങൾ മെച്ചപ്പെടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെ സംബന്ധിച്ച് സിവിസി 2002 ജനുവരിയിൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.

[81] മത്സ്യഫെഡ് - മത്സ്യത്തിന്റെയും മത്സ്യ ഉത്പന്നങ്ങളുടെയും ഉത്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്ന വിവിധ പദ്ധതികൾ നിർവ്വഹിച്ചുകൊണ്ട് മത്സ്യബന്ധന തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന തീരദേശ മത്സ്യ വ്യവസായ മേഖലകളിലെ പ്രാഥമിക ക്ഷേമ സൊസൈറ്റികളുടെ ഉന്നത ഫെഡറേഷൻ.

മാർച്ച്) തുടർന്ന് കമ്പനിയിൽ നിന്നും രണ്ട് ഫോർ സ്ട്രോക്ക് ലോങ് ടെയിൽ ഡീസൽ എൻജിനുകൾ (ടിഎഫ് 115 എച്ച്എം മോഡൽ) സൗജന്യമായി ലഭിക്കുകയും ചെയ്തു (2006 നവംബർ). 2006 ഡിസംബർ മുതൽ 2007 ഫെബ്രുവരി വരെ യാൻമാർ എൻജിനുകളുപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരീക്ഷണയോട്ടം നടത്തുകയും പ്രക്ഷുബ്ധമായ കടലിൽ നിയന്ത്രിക്കുവാനുള്ള ബുദ്ധിമുട്ട്, വലകൾ ഉപയോഗിക്കുവാനുള്ള അസൗകര്യം, ഫോർവേർഡ് റിവേഴ്സ് ഗിയറുകളുടെ അഭാവം എന്നിവ മൂലം തദ്ദേശ മത്സ്യത്തൊഴിലാളികൾക്ക് ഈ എൻജിനുകൾ ഘടിപ്പിച്ച യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്തു.

മത്സ്യത്തൊഴിലാളികൾക്കിടയിൽ യാൻമാർ എൻജിന്റെ സ്വീകാര്യത ഉറപ്പാക്കുവാൻ, എൻജിനുവേണ്ടി റിഡക്ഷൻ ഗിയറുകൾ വികസപ്പിച്ചെടുക്കുന്നതിന് മത്സ്യഫെഡ് ഒരു പ്രാദേശിക ഗിയർ നിർമ്മാതാവിനെ, ഇന്നോവേറ്ററെ [82] സമീപിച്ചു. സിഐഎഫ്എൻഇടി [83], സിഐഎഫ്ടി [84] എന്നീ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധർ, മത്സ്യഫെഡിലെ ചില ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കമ്മിറ്റി, യാൻമാർ എൻജിനുകളുടെ വാണിജ്യവത്കരണവും പ്രാദേശിക വ്യതിയാനങ്ങളും മത്സ്യത്തൊഴിലാളികളുടെ താൽപര്യവും കണക്കിലെടുത്ത് ഒരു ബീച്ച് ലാൻഡിങ് കഴിയുന്ന മോഡൽ വികസിപ്പിക്കുവാനും ശുപാർശ ചെയ്തു (2008 മാർച്ച്). ഇന്നോവേറ്റർ വികസിപ്പിച്ചെടുത്ത Z-ഡ്രൈവ് സംവിധാനങ്ങൾ ഘടിപ്പിച്ച യാൻമാർ എൻജിനുപയോഗിച്ച് 2008 ഡിസംബർ മുതൽ പരീക്ഷണയോട്ടം സംഘടിപ്പിച്ചു.

എന്നിരുന്നാലും Z-ഡ്രൈവ് ഘടിപ്പിച്ച യാൻമാർ എൻജിനുകളുടെ പരീക്ഷണയോട്ടത്തിനു മുൻപുതന്നെ മത്സ്യഫെഡ് ₹11.68 ലക്ഷം ചെലവഴിച്ച് 25 യാൻമാർ ഡീസൽ എൻജിനുകൾ (ടിഎഫ് 99 എച്ച്എം മോഡൽ) ഇറക്കുമതി ചെയ്തിരുന്നു (2008 ജൂലൈ). കൂടാതെ, മേൽപ്പറഞ്ഞ എൻജിനുകളിൽ ഘടിപ്പിക്കുന്നതിനായി ₹11.86 ലക്ഷം വിലവരുന്ന 24 Z-ഡ്രൈവ് സംവിധാനങ്ങൾ പ്രാദേശിക ഇന്നോവേറ്ററുടെ പക്കൽ നിന്നും മത്സ്യഫെഡ് വാങ്ങി (2010 എപ്രിൽ). 2010–11 മുതൽ 2016–17 വരെയുള്ള കാലയളവിലെ രേഖകളുടെ സൂക്ഷ്മപരിശോധന 2017 ഫെബ്രുവരിയിലും ഏപ്രിലിലുമായി മത്സ്യഫെഡിൽ നടത്തിയതിൽ നിന്നും Z-ഡ്രൈവ് ഘടിപ്പിച്ച യാൻമാർ എൻജിനുകളിൽ എൻജിൻ സ്തംഭനം, ഗിയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പ്രോപ്പല്ലറിന്റെ പ്രവർത്തനത്തകരാറ് എന്നിങ്ങനെ തുടരെത്തുടരെയുള്ള പ്രശ്നങ്ങളും യാനങ്ങളുടെ ദീർഘകാല നിഷ്ക്രിയത്വത്തെക്കുറിച്ചുള്ള പരാതികളും ഈ എൻജിനുകളെ മത്സ്യബന്ധനത്തൊഴിലാളികൾക്ക് അപ്രിയമാക്കിത്തീർക്കുന്നു എന്നു കണ്ടെത്തി. Z-ഡ്രൈവ് ഘടിപ്പിച്ച യാൻമാർ എൻജിനുകളോടുള്ള മത്സ്യബന്ധനത്തൊഴിലാളികളുടെ താല്പര്യക്കുറവ് മൂലം, 2008-ൽ മത്സ്യഫെഡ് കരസ്ഥമാക്കിയ 25 എൻജിനുകളിൽ 11 എണ്ണവും 2013 ജൂലൈ ആയിട്ടും വിറ്റഴിക്കപ്പെട്ടിട്ടില്ല. മത്സ്യബന്ധനത്തൊഴിലാളികളുടെ താല്പര്യക്കുറവുണ്ടായിരുന്നിട്ടും 70 ശതമാനം സബ്സിഡിയോടുകൂടി ഒരു എൻജിന് പരമാവധി ₹ ഒരു ലക്ഷം നിരക്കിൽ Z-ഡ്രൈവ് ഘടിപ്പിച്ച 100 യാൻമാർ എൻജിനുകൾ വിതരണം ചെയ്യാനുള്ള പദ്ധതി കേരളസർക്കാരിന് മത്സ്യഫെഡ് സമർപ്പിച്ചു (2013 ജൂലൈ). പദ്ധതി കേരളസർക്കാർ അംഗീകരിച്ചു (2013 ആഗസ്റ്റ്). മത്സ്യഫെഡ് 2014 ജൂലൈയിൽ 90 യാൻമാർ ഡീസൽ എൻജിനുകൾ (മോഡൽ ടിഎഫ് 105 എച്ച്എം) ₹67.87 ലക്ഷത്തിന് ഇറക്കുമതി ചെയ്യുകയും 2014 ആഗസ്റ്റ്-നവംബർ കാലയളവിൽ 100 Z-ഡ്രൈവുകൾ ₹67.25 ലക്ഷത്തിന് വാങ്ങുകയും ചെയ്തു. 2008-ൽ കരസ്ഥമാക്കിയ 25 എൻജിനുകളിൽ 11 എണ്ണവും മത്സ്യബന്ധനതൊഴിലാളികളുടെ ഇടയിലുള്ള സ്വീകാര്യതക്കുറവുമൂലം വിറ്റഴിക്കപ്പെടാതിരിക്കുമ്പോൾ അധികമായി 90 എണ്ണം യാൻമാർ ഡീസൽ എൻജിനുകൾ, മത്സ്യഫെഡ് വാങ്ങിയത് ന്യായീകരിക്കാൻ കഴിയുന്നതല്ല.

---

[82] ശ്രീ മോഹൻലാൽ, ഉടമസ്ഥൻ, കാവേരി എൻജിനീയറിംഗ് വർക്സ്, ആലപ്പുഴ
[83] സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആന്റ് എൻജിനീയറിംഗ് ട്രെയിനിംഗ്, കൊച്ചി
[84] സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി

2018 സെപ്റ്റംബർ വരെ, 115 യാൻമാർ ഡീസൽ എൻജിനുകളിൽ 89 എണ്ണവും 124 Z-ഡ്രൈവുകളിൽ 98 എണ്ണവും വിറ്റഴിക്കപ്പെടാതിരിക്കുന്നു എന്നത് ചൂണ്ടിക്കാണിക്കുന്നത് മത്സ്യബന്ധനയാനങ്ങളിലെ മണ്ണെണ്ണ എൻജിനുകൾ മാറ്റുവാനുള്ള പദ്ധതി പരാജയമാണെന്നുള്ളതാണ്.

ഇത് ഒരു സ്റ്റാൻഡേർഡ് പ്രോഡക്ട് അല്ലെന്നും, വിവിധ സാങ്കേതിക ഇടപെടലുകളിൽ നിന്നും വികസിപ്പിച്ചെടുത്തതാണെന്നും, താത്പര്യപത്രപ്രക്രിയ വഴി മറ്റു സ്ഥാപനങ്ങളെ ക്ഷണിക്കുന്നത് ഉൽപന്നം വികസിപ്പിച്ചെടുക്കുന്നതിൽ ഭാഗഭാക്കായ തൽപരകക്ഷികളുടെ പങ്കിനെ ബാധിക്കുമെന്നും കേരളസർക്കാർ മറുപടി നൽകി (2019 ഫെബ്രുവരി). എൻജിനുകൾ വിതരണം ചെയ്യാനുള്ള എല്ലാ ശ്രമങ്ങളും എടുത്തുകൊണ്ടിരിക്കുകയാണെന്നും കേരളസർക്കാർ പ്രസ്താവിച്ചു.

താൽപര്യപത്രം ക്ഷണിക്കുക, പരിചസമ്പന്നരായ ഉൽപാദകരും വിതരണക്കാരുമായുള്ള സാങ്കേതിക ചർച്ചകൾ നടത്തുക എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട സിവിസി മാർഗനിർദ്ദേശങ്ങൾ ലംഘിക്കുകയും അതുവഴി വിവിധ സ്രോതസ്സുകളിൽ നിന്നും സാങ്കേതിക ഉപദേശം സ്വീകരിച്ച് കേരളത്തിലെ നാടൻ വള്ളങ്ങൾക്കനുയോജ്യമായ ഇതര പ്രൊപ്പൽഷൻ സംവിധാനം കണ്ടെത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തതിനാൽ തന്നിരിക്കുന്ന മറുപടി തൃപ്തികരമല്ല. കൂടാതെ, മത്സ്യഫെഡ് സംഭരണ ദർഘാസ് നടപടിക്രമങ്ങൾ സുതാര്യമാക്കാനുള്ള സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുകയും ചെയ്തു. അതുമാത്രമല്ല കേരളാ തീരങ്ങളിലും തമിഴ്നാട്ടിലെ മൂന്നു തീരദേശ ജില്ലകളിലും[85] യാൻമാർ ടിഎഫ് ശ്രേണി എൻജിനുകൾക്കായി എക്സ്ക്ലൂസിവ് ഡീലർഷിപ്പ് നൽകുവാനുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു (2007 ഫെബ്രുവരി). ധാരണാപത്രത്തിൽ, മത്സ്യഫെഡ് മറ്റൊരു നിർമ്മാതാവിന്റെ ഉൽപന്നങ്ങളും ധാരണാകാലയളവിൽ[86] പ്രോൽസാഹിപ്പിക്കില്ലെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. മത്സ്യഫെഡ് 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെയുള്ള കാലയളവിൽ 500 യൂണിറ്റ് ടിഎഫ് 99 എച്ച്എം എൻജിനുകൾ ഓർഡർ ചെയ്തതായിരുന്നു ധാരണാപത്രത്തിൽ ഏറ്റവും പ്രധാനം. യാൻമാർ എൻജിനുകൾ കേരളത്തിലെ യാനങ്ങൾക്ക് അനുയോജ്യമല്ല എന്നു മനസ്സിലാക്കിയിട്ടും മറ്റു ദേശീയ അന്തർദേശീയ കച്ചവടക്കാരെ മത്സ്യഫെഡ് പരിഗണിച്ചിട്ടില്ല എന്നതാണ് വസ്തുത.

സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും നിലവിലുള്ള മണ്ണെണ്ണ എൻജിനുകൾ മാറ്റി പകരം സാധ്യമായ നാവിക എൻജിനുകൾ കണ്ടെത്തുന്നതിലെ അനാസ്ഥയും ₹1.29 കോടിയുടെ പാഴ്ച്ചെലവിന് കാരണമായി.

[85] തമിഴ്നാട്ടിലെ കന്യാകുമാരി, തിരുനെൽവേലി, തൂത്തുക്കുടി ജില്ലകൾ

[86] ധാരണാപത്രം ആരംഭിക്കുന്ന കാലയളവ് (അതായത് 2007 ഫെബ്രുവരി 23) മുതൽ ഒരു വർഷം.

## പൊതുവിദ്യാഭ്യാസ വകുപ്പ്

### 4.5. പരീക്ഷാഭവനിൽ അധികമായി ഒരു താൽക്കാലിക നില പണിതതിലുണ്ടായ നിഷ്ഫലമായ ചെലവ്

**പരീക്ഷാഭവന്റെ ആറു നില കെട്ടിടത്തിൽ അധികമായി ഒരു താൽക്കാലിക നില നിർമ്മിക്കാനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിവേകശൂന്യമായ തീരുമാനവും കെട്ടിടത്തിന്റെ ഘടനാപരമായ ഭദ്രത ശരിയായ രീതിയിൽ നിർണ്ണയിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിനുണ്ടായ വീഴ്ചയും നിർമ്മിതി ഭാഗികമായി തകരുന്നതിനും തൽഫലമായി ₹2.35 കോടിയുടെ നിഷ്ഫലമായ ചെലവിനും ഇടയായി.**

തിരുവനന്തപുരം പരീക്ഷാഭവന്റെ [87] നിലവിലുള്ള [88] ആറു നില കെട്ടിടത്തിനു മുകളിൽ ഒരു കംപ്യൂട്ടർ ലാബ്, സെർവർ മുറികൾ, സിസ്റ്റം മാനേജറുടെ മുറി, ടോയ്‌ലറ്റുകൾ മുതലായവ സജ്ജീകരിക്കാനായി ട്രസ്ഡ് മേൽക്കൂരയുമായി ഒരു അധിക താൽക്കാലിക നില നിർമ്മിക്കാനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഡിപിഐ) നിർദ്ദേശത്തിന് കേരളസർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് 2012 ഫെബ്രുവരിയിൽ ഭരണാനുമതി നൽകി. പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ (കെട്ടിടങ്ങൾ) 2012 മാർച്ചിൽ സാങ്കേതിക അനുമതി നൽകുകയും ജോലി ഒരു കരാറുകാരന് നൽകുകയും ചെയ്തു (2012 ജൂൺ). സിവിൽ, ഇലക്ട്രിക്കൽ ജോലികൾക്കായി കേരളസർക്കാർ യഥാക്രമം ₹ ഒരു കോടിയും (2012 ഫെബ്രുവരി) ₹1.96 കോടിയും (2013 ഫെബ്രുവരി) അനുവദിച്ചു. ഡക്റ്റബിൾ സ്പ്ലിറ്റ് ഏസി യൂണിറ്റിന്റെ എസ്ഐറ്റിസി [89] പാലിക്കുന്നതിനും ഇലക്ട്രിക്കൽ ഉപകരണങ്ങൾ പുനഃക്രമീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്ന ഹാളിൽ എസ്ഐറ്റിസി നിബന്ധനകൾക്കനുസൃതമായി പ്ലഗ് സോക്കറ്റുകൾ ലഭ്യമാക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിന് കേരളസർക്കാർ ₹0.13 കോടിയും അനുവദിച്ചു (2014 ഒക്ടോബർ). സിവിൽ ജോലികൾ ആകെ ₹0.97 കോടി ചെലവിൽ പൂർത്തിയാക്കി (2014 സെപ്റ്റംബർ). ഇലക്ട്രിക്കൽ ജോലികളും അഗ്നിശമന സംവിധാനങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളും ₹1.38 കോടി ചെലവിൽ പൂർത്തിയാക്കിയതായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ചെയ്തു (2018 മേയ്).

കഴിഞ്ഞ നാല് വർഷങ്ങളിൽ ഭീമമായ തുക ചെലവഴിച്ചെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനക്കുറവു മൂലം അധികനില പ്രവർത്തനസജ്ജമായില്ലെന്ന് പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണർ ഡിപിഐയ്ക്കും പൊതുമരാമത്ത് വകുപ്പിനും എഴുതിയറിയിച്ചിട്ടുണ്ടെന്ന് (2016 ജൂൺ) രേഖാ പരിശോധനയിൽ വെളിപ്പെട്ടു. തന്മൂലം ജോലിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി പൊതുമരാമത്ത് വകുപ്പിന്റെ രണ്ടു വിഭാഗങ്ങളുടെയും ഏകോപിത ശ്രമങ്ങൾക്കായി അദ്ദേഹം അഭ്യർത്ഥിച്ചു. തുടർന്ന് അതേ മാസം തന്നെ ശക്തമായ കാറ്റിൽ മുകൾത്തട്ടിന്റെ ഭാഗങ്ങൾ ഉൾപ്പെടെ പുതുതായി ഉണ്ടാക്കിയ നിർമ്മിതിയുടെ ഒരു ഭാഗം നിലംപതിക്കുകയും അലുമിനിയം ഫാബ്രിക്കേഷൻ പറന്നു പോകുകയും തൽഫലമായി പുതുതായി ഉണ്ടാക്കിയ നിർമ്മിതി ഉപയോഗശൂന്യമാവുകയും ചെയ്തു.

---

[87] പരീക്ഷാഭവൻ സ്കൂൾ വിടുതൽ സർട്ടിഫിക്കറ്റുകൾക്കായി പരീക്ഷകൾ നടത്തുന്നു, ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സംഘടിപ്പിക്കുന്നു, മാർക്കുകൾ ക്രോഡീകരിക്കുന്നു, ഫലം പ്രഖ്യാപിക്കുന്നു, ഡിപ്ലോമാകളും ഡിഗ്രികളും സർട്ടിഫിക്കറ്റുകളും നൽകുന്നു.

[88] പരീക്ഷാഭവൻ കെട്ടിടം 1978-ലാണ് നിർമ്മിച്ചത്.

[89] സ്റ്റാൻഡേർഡ് ഇൻഡസ്ട്രിയൽ ട്രേഡ് ക്ലാസിഫിക്കേഷൻ

ദേശീയ കെട്ടിട നിയമസംഹിത നിഷ്കർഷിക്കുന്നത് കെട്ടിടങ്ങളും നിർമ്മിതികളും ഘടകങ്ങളും രൂപകൽപന ചെയ്യുമ്പോൾ കാറ്റിന്റെ ശക്തിയും അവയുടെ പ്രഭാവങ്ങളും കണക്കിലെടുക്കണമെന്നാണ്. എന്നാൽ, സാധാരണ കാറ്റിന്റെ മർദ്ദം മാത്രം താങ്ങാവുന്ന രീതിയിലുള്ളതായിരുന്നു അംഗീകരിച്ച രൂപകൽപ്പന, കൂടാതെ ആറാം നിലയിൽ ശക്തിയായ കാറ്റിന്റെ മർദ്ദം കുറയ്ക്കുമായിരുന്ന, ക്രോസ് വെന്റിലേഷൻ ഒഴിവാക്കുകയും ചെയ്തു. ആറാം നിലയിലെ താൽക്കാലിക നിർമ്മിതിയിന്മേൽ ഉണ്ടാകുന്ന കാറ്റിന്റെ മർദ്ദത്തിന്റെ ആഘാതത്തെപ്പറ്റി അന്നത്തെ എക്സിക്യൂട്ടീവ് എൻജിനീയറും സൂപ്രണ്ടിംഗ് എൻജിനീയറും ചർച്ച ചെയ്തുവെന്ന് (2012 സെപ്റ്റംബർ) എക്സിക്യൂട്ടീവ് എൻജിനീയർ മറുപടിയിൽ പ്രസ്താവിച്ചു (2019 ജനുവരി). 2012 മാർച്ചിൽ സാങ്കേതികാനുമതി നൽകുന്നതിന് മുമ്പ് പൊതുമരാമത്ത് വകുപ്പ് നിർമ്മിതിയുടെ ഘടനാപരമായ ഭദ്രത നിർണ്ണയിക്കാനായി ഒരു സാദ്ധ്യതാ പഠനം നടത്തുകയോ കെട്ടിടം താങ്ങേണ്ട കാറ്റിന്റെ ശക്തി കണക്കുകൂട്ടുകയോ ചെയ്തില്ലെന്നുള്ള വസ്തുതയുടെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ മറുപടി സ്വീകാര്യമല്ല.

പരീക്ഷാഭവനിലെ ഉദ്യോഗസ്ഥരുമായി ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ (2018 ഒക്ടോബർ) വെളിപ്പെട്ടത് പുതുതായി നിർമ്മിച്ച നില ഇപ്പോഴും ഉപയോഗയോഗ്യമല്ലാതെ നിലനിൽക്കുന്നു എന്നാണ്. ചുവടെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ കാണുന്നതുപോലെ, വശങ്ങളിലെ ഭിത്തിയായി ഉപയോഗിച്ചിരുന്ന ഗ്ലാസ്സ് പാനലുകൾ പറന്നുപോവുകയോ കഷ്ണങ്ങളായി ചിതറിപ്പോവുകയോ ചെയ്തതായും ഫാൾസ് സീലിംഗുകൾ മേൽക്കൂരയിൽ നിന്ന് തൂങ്ങിക്കിടക്കുകയോ പൂർണ്ണമായി നഷ്ടപ്പെടുകയോ ചെയ്തതായും കണ്ടെത്തി.



*ചിത്രം 4.1: പരീക്ഷാഭവനിൽ വശങ്ങളിലെ ഭിത്തി പറന്നു പോകുകയും ഗ്ലാസ് പാനലുകൾ കഷ്ണങ്ങളായി ഉടയുകയും ചെയ്തിരിക്കുന്നു, 2018 ഒക്ടോബർ 16*



*ചിത്രം 4.2: പരീക്ഷാഭവനിൽ ഫാൾസ് സീലിംഗിന്റെ അവശിഷ്ടങ്ങൾ മേൽക്കൂരയിൽ നിന്നും തൂങ്ങിക്കിടക്കുന്നു, 2018 ഒക്ടോബർ 16*

33 വർഷം പഴക്കമുള്ള കെട്ടിടത്തിന്റെ ആറാം നിലയുടെ മുകളിൽ ഒരു താൽക്കാലിക നിർമ്മിതി എന്ന ആശയത്തോടുള്ള വിസമ്മതം പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണർ പ്രകടിപ്പിച്ചതായി (2011 ഒക്ടോബർ) ഓഡിറ്റ് നിരീക്ഷിച്ചു. പകരം, അനുവദിച്ച തുക ഉപയോഗിച്ച്, പരിസരത്തുള്ള തുറസ്സായ സ്ഥലത്ത് ഒരു പുതിയ കെട്ടിടം നിർമ്മിക്കാനായുള്ള ഒരു നിർദ്ദേശം അദ്ദേഹം മുന്നോട്ട് വച്ചു. ഡിപിഐ ഈ നിർദ്ദേശം തള്ളിക്കളയുകയും നിലവിലെ കെട്ടിടത്തിനു മുകളിൽ ഒരു അധിക താൽക്കാലിക നില നിർമ്മിക്കാനുള്ള നിർദ്ദേശവുമായി മുന്നോട്ടു പോവുകയും ചെയ്തു.

അങ്ങനെ പരീക്ഷാഭവന്റെ നിലവിലുള്ള ആറു നില കെട്ടിടത്തിന്റെ മുകളിൽ ഒരു അധിക നില പണിയാനുള്ള ഡിപിഐയുടെ വിവേകശൂന്യമായ തീരുമാനവും ഒപ്പം നിർമ്മിതി രൂപകൽപ്പന ചെയ്തപ്പോൾ കാറ്റിന്റെ മർദ്ദത്തിന്റെ ആഘാതം പരിഗണിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിനുണ്ടായ വീഴ്ചയും നിർമ്മിതിയുടെ

ഭാഗികമായ തകർച്ചയ്ക്കും തൽഫലമായി ₹2.35 കോടിയുടെ നിഷ്ഫലമായ ചെലവിനും കാരണമായി.

ഡിപിഐ ഇക്കാര്യം പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നുവെന്നും സർക്കാർ ഇക്കാര്യത്തിലുള്ള പരിഹാര നടപടികൾ ചെയ്തുവരികയാണെന്നും കേരളസർക്കാർ മറുപടി നൽകി (2019 ജനുവരി).

## ജലവിഭവ വകുപ്പ്

### 4.6. ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയതിലെ പോരായ്മകൾ ₹8.50 കോടിയുടെ നിഷ്ഫലമായ ചെലവിലേക്ക് നയിച്ചു

**കേരളസർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾക്ക് വിധേയമാകാതെ കേരള വാട്ടർ അതോറിറ്റി ഒരു ശുദ്ധജലവിതരണ പദ്ധതിയ്ക്കുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിച്ചു. പ്രവൃത്തി നിർത്തിവച്ചതിനാൽ കൊല്ലം ശുദ്ധജലവിതരണ പദ്ധതിയ്ക്ക് ഒരു ബദൽ ജലസ്രോതസ്സ് കണ്ടെത്താൻ കഴിയാതെ വരികയും തന്മൂലം ₹8.50 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടാവുകയും ചെയ്തു.**

ശാസ്താംകോട്ട കായലിലെ[90] വെള്ളം ഉപയോഗിച്ച് കൊല്ലം കോർപ്പറേഷനിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം നടത്തുന്നതിന് വേണ്ടി 1957-ൽ കൊല്ലം ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്തു. ജലത്തിന്റെ ഉപഭോഗം കുറച്ച് സംരക്ഷണത്തിന് ഊന്നൽ നൽകുന്നതിനുവേണ്ടിയുള്ള റാംസർ കൺവെൻഷനു[91] കീഴിൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള ഒരു തണ്ണീർത്തടമായി നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതാണ് ശാസ്താംകോട്ട തടാകം. 2013-ലെ വേനൽക്കാലത്ത് ശാസ്താംകോട്ട കായലിലെ വെള്ളത്തിന്റെ സത്വരമായ കുറവും അത് കൊല്ലം നഗരസഭയിലെ ശുദ്ധജലവിതരണത്തെ ബാധിച്ചതും പരിഗണിച്ച് കല്ലടയാറിനെ സ്രോതസ്സാക്കി ഒരു പുതിയ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിന് കേരളസർക്കാർ ₹14.50 കോടിയുടെ ഭരണാനുമതി നൽകുകയുണ്ടായി (2014 ഒക്ടോബർ).

'കല്ലടയാറ്റിലെ കടപ്പുഴയിൽ നിന്നും കൊല്ലം ജലവിതരണ പദ്ധതിയ്ക്ക് അധികജലസ്രോതസ്സ് നൽകുന്ന പദ്ധതി' വിഭാവനം ചെയ്യുന്നതെന്തെന്നാൽ കല്ലടയാറിലെ കടപ്പുഴ ഇൻടേക് പോയിന്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് നിലവിലെ ശാസ്താംകോട്ട ശുദ്ധീകരണ പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിച്ച് കൊല്ലം കോർപ്പറേഷനിൽ വിതരണം നടത്തുക എന്നതാണ്. കടപ്പുഴയിലെ വെള്ളം എടുക്കുന്ന ഭാഗത്തെ നദീതടം സമുദ്ര നിരപ്പിൽ നിന്നും താഴെ ആയതിനാൽ വേലിയേറ്റ സമയത്ത്, അറബിക്കടലിലേയ്ക്ക് തുറക്കുന്ന സമീപത്തെ അഷ്ടമുടിക്കായലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് സാധാരണമാണ്. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ (2014 ഒക്ടോബർ) വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ (ഡിപിആർ) വ്യക്തമാക്കുന്നത്, വെള്ളം എടുക്കുന്ന ഭാഗത്തെ (ഇൻടേക്ക് പോയിന്റ്) ഉപ്പിന്റെ അളവ് വരൾച്ചാ സമയത്ത് അനുവദനീയമായതിന്റെ മൂന്ന് മുതൽ ആറ് മടങ്ങുവരെ കൂടുന്നതുകൊണ്ട് അധികമായി വെള്ളം എടുത്താൽ ഉപ്പുവെള്ളം കടന്നുകയറുന്നതിന്റെ തീവ്രത വീണ്ടും വർദ്ധിക്കാൻ സാദ്ധ്യതയുണ്ട് എന്നാണ്. അതിനാൽ ഉപ്പുവെള്ളം കയറാതിരിക്കാൻ വേണ്ടി ഇൻടേക്ക് പോയിന്റിൽ കല്ലടയാറിന് കുറുകേ ഒരു തടയണ നിർമ്മിക്കുകയും

[90] കൊല്ലം നഗരത്തിൽ നിന്നും ഏകദേശം 26 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം, കൊല്ലം ജില്ലയിലെ പ്രധാനകുടിവെള്ള സ്രോതസ്സുകളിൽ ഒന്നാണ്.

[91] തണ്ണീർത്തടങ്ങളുടേയും അവയുടെ ഉറവിടങ്ങളുടേയും സംരക്ഷണത്തിനും വിവേകപൂർണ്ണമായ ഉപയോഗത്തിനും ചട്ടക്കൂട് നല്കുന്ന ഒരു അന്തർ സർക്കാർ ഉടമ്പടിയാണ് റാംസർ കൺവെൻഷൻ. 1971-ൽ ഇറാനിയൻ നഗരമായ റാംസറിൽ ഈ കൺവെൻഷൻ അംഗീകരിക്കുകയും 1975-ൽ പ്രാബല്യത്തിൽ വരികയും ചെയ്തു.

ശുദ്ധജല വിതരണ പദ്ധതിയ്ക്ക് വേണ്ടി കടപ്പുഴയിൽ നിന്നും വെള്ളം എടുക്കുന്നതിന് മുൻപായി ഇതിന്റെ ഫലപ്രാപ്തി ഉറപ്പാക്കുകയും വേണം എന്ന് ഡിപിആർ ശുപാർശ ചെയ്തു. കൂടാതെ ഈ പദ്ധതി നിർദ്ദേശത്തിന്റെ അന്തിമരൂപം ആകുന്നതിന് മുൻപ് അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് ഒരു വിശദമായ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം[92] നടത്തണമെന്നും ഡിപിആർ ആവശ്യപ്പെടുന്നു.

ഉപ്പുവെള്ളം കയറാതിരിക്കാനായി കല്ലടയാറിന് കുറുകെ ഉചിതമായ ഒരു തടയണ നിർമ്മിച്ച് അതിന്റെ ഫലപ്രാപ്തി ഉറപ്പാക്കിയതിനുശേഷം മാത്രം ഈ പദ്ധതി നടപ്പാക്കണം എന്ന വ്യവസ്ഥയിൽ കേരളസർക്കാർ പദ്ധതിയ്ക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി നൽകി (2014 ഒക്ടോബർ). പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതും മറ്റ് അനുബന്ധ ജോലികളും[93] കേരള വാട്ടർ അതോറിറ്റി നിർവ്വഹിക്കേണ്ടി വരുമ്പോൾ ഉപ്പുവെള്ളം കയറാതിരിക്കാനുള്ള തടയണയുടെ രൂപകൽപനയും നിർമ്മാണവും ജലസേചന വകുപ്പിന്റെ ഉത്തരവാദിത്തമായി കണക്കാക്കപ്പെട്ടു.

എന്നാൽ വെള്ളത്തിന്റെ പമ്പിംഗ് മെയിൻ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് കേരള വാട്ടർ അതോറിറ്റി ഈ പദ്ധതിയുടെ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം നടത്തുകയോ ജലസേചന വകുപ്പ് തടയണയുടെ നിർമ്മാണം നടത്തുകയോ ചെയ്തിട്ടില്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2017 ഒക്ടോബർ/നവംബർ). കടപ്പുഴ ഇൻടേക് പോയിന്റിൽ നിന്ന് ശാസ്താംകോട്ട ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് 3800 മീറ്റർ നീളത്തിൽ 800 എംഎം എംഎസ്[94] പൈപ്പുകൾ വിതരണം ചെയ്ത്, സ്ഥാപിച്ച്, പരിശോധിച്ച്, കമ്മീഷൻ ചെയ്യുന്നതും ശാസ്താംകോട്ട തടാകത്തിന് കുറുകെ 930 മീറ്റർ നീളത്തിൽ 800 എംഎം എച്ച്ഡിപിഇ[95] പൈപ്പുകൾ വിതരണം ചെയ്ത്, സ്ഥാപിച്ച്, പരിശോധിച്ച്, കമ്മീഷൻ ചെയ്യുന്നതുമായ രണ്ട് ജോലികൾ യഥാക്രമം ₹8.44 കോടിയ്ക്കും ₹3.44 കോടിയ്ക്കും പൂർത്തിയാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ദർഘാസ് ചെയ്യുകയും (2014 ഒക്ടോബർ) ഒരു കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു (2015 മേയ്). പണിപൂർത്തിയാക്കേണ്ട തീയതി 2016 ജനുവരി 24 ആയി നിശ്ചയിച്ചു.

കാലവർഷത്തിന്റെ ആരംഭം, കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും പണം നൽകുന്നതിലുള്ള കാലതാമസം എന്നീ കാരണങ്ങൾ ചൂണ്ടിക്കാട്ടി കരാറുകാരൻ പദ്ധതി പൂർത്തീകരിക്കാനുള്ള തീയതി 2016 മേയ് 31 വരെ നീട്ടി നൽകണമെന്ന് ആവശ്യപ്പെടുകയും (2015 ഡിസംബർ) അത് അനുവദിക്കുകയും ചെയ്തു (2016 ഫെബ്രുവരി). കേരള വാട്ടർ അതോറിറ്റിയുടെ ഫണ്ട് കിട്ടുന്നതിനുള്ള കാലതാമസം ചൂണ്ടിക്കാട്ടി പണിപൂർത്തിയാക്കേണ്ട സമയ പരിധി 2017 മേയ് 31 വരെ നീട്ടിനൽകണമെന്ന് കരാറുകാരൻ വീണ്ടും അഭ്യർത്ഥിച്ചുവെങ്കിലും 2016 ഡിസംബർ 31 വരെ മാത്രമേ പരിധി നീട്ടി നൽകിയുള്ളൂ. കരാർ പ്രകാരം ആവശ്യമായ 3800 മീറ്റർ എംഎസ് പൈപ്പും 930 മീറ്റർ എച്ച്ഡിപിഇ പൈപ്പും കരാറുകാരൻ വിതരണം ചെയ്തിരുന്നു എന്നാണ് രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ വെളിപ്പെട്ടത്. എന്നാൽ കേരള വാട്ടർ അതോറിറ്റി ജോലി നിർത്തിവയ്ക്കുമ്പോൾ 1559.05 മീറ്റർ എംഎസ് പൈപ്പ് മാത്രമാണ് കരാറുകാരൻ സ്ഥാപിച്ചിരുന്നത്. ജോലി

---

[92] തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ 2010 അനുസരിച്ച് കഴിഞ്ഞ പത്തു വർഷത്തിനിടയിൽ നിരീക്ഷിച്ച ശരാശരി ഉയർന്ന വെള്ളപ്പൊക്കനിരപ്പിൽ നിന്നും 50 മീറ്ററിനുള്ളിൽ ബോട്ട് ജട്ടികൾ ഒഴികെ സ്ഥിര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തണ്ണീർത്തടങ്ങളിൽ നിരോധിച്ചിരിക്കുന്നു. അതുപോലെ സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ തണ്ണീർത്തട ആവാസവ്യവസ്ഥയുടെ പ്രാദേശിക നീരൊഴുക്കുള്ള പ്രദേശങ്ങളിൽ നിന്നു വെള്ളം എടുക്കാനോ വഴിതിരിച്ചുവിടാനോ തടസ്സപ്പെടുത്താനോ പാടുള്ളതല്ല. ഇത്തരംകാര്യങ്ങളിൽ ഭാരത സർക്കാരിന്റെ വനംപരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ നടപടിക്രമങ്ങൾ അനുസരിച്ച് വിശദമായ ഒരു പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം നടത്തണമെന്നുള്ള കാര്യം സംസ്ഥാന സർക്കാർ നിശ്ചയമായും ഉറപ്പു വരുത്തേണ്ടതാണ്.

[93] 800 എംഎം എംഎസ് പൈപ്പുകളുടേയും എച്ച് ഡിപിഇ പൈപ്പുകളുടേയും വിതരണവും സ്ഥാപിക്കലും, ഇൻടേക് കിണറിന്റെ അഥവാ പമ്പ്ഹൗസിന്റെ നിർമ്മാണം, ട്രാൻസ്ഫോമർ റൂമിന്റെ നിർമ്മാണം, വിതരണം, സ്ഥാപനം, പരിശോധന, കമ്മീഷനിംഗ് എന്നിവ ഉൾപ്പെടെ.

[94] മൈൽഡ് സ്റ്റീൽ

[95] ഹൈ ഡെൻസിറ്റി പോളി എത്തിലിൻ

നിർത്തിവയ്ക്കാനുള്ള കാരണം ഇൻടേക് കിണറിന്റെ സ്ഥലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണെന്ന് റിപ്പോർട്ട് ചെയ്തു. ₹2.41 കോടി ചെലവിൽ സംഭരിച്ച എച്ച്ഡിപിഇ പൈപ്പുകൾ ശാസ്താംകോട്ട തടാകത്തിന് കുറുകെ സ്ഥാപിക്കാനുള്ള ജോലി ആരംഭിച്ചിട്ടു പോലുമില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2018 ആഗസ്റ്റ്).

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട, ജോലി നൽകിയതിലെ ലംഘനങ്ങൾ പരാമർശങ്ങൾക്കായി കേരളസർക്കാരിന്റെ/വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽ പ്പെടുത്തി (2018 മേയ്). അഡീഷണൽ ചീഫ് സെക്രട്ടറി 2014 ഒക്ടോബർ 21-ന് വിളിച്ചു ചേർത്ത ഒരു യോഗത്തിന്റെ നിർദ്ദേശാനുസരണമാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിരുന്നതെന്നും ജലസേചന വകുപ്പ് ഉപ്പുവെള്ളം കയറാതിരിയ്ക്കാനുള്ള തടയണയുടെ ഭരണാനുമതി (2015 ജൂലായ്) നൽകിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമായിരുന്നുള്ളൂ എന്നും കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ പ്രസ്താവിച്ചു (2018 ജൂൺ). കൂടാതെ കല്ലടയാറിന് കുറുകേ നിർമ്മിക്കാനുദ്ദേശിച്ച നിർദ്ദിഷ്ട വെയർ[96] റെഗുലേറ്റർ കം ബ്രിഡ്ജ്[97] ആയി മാറ്റിയതുകൊണ്ട് പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം ആവശ്യമില്ല എന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ[98] തടയണയുടെ/റഗുലേറ്ററിന്റെ നിർമ്മാണം പ്രഖ്യാപിച്ചതിനുശേഷമാണ് വർക്ക് ഓർഡർ നൽകിയത് എന്നാണ് കേരളസർക്കാർ മറുപടി നൽകിയത് (2018 നവംബർ). കൂടാതെ, വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006 സെപ്റ്റംബർ 14-ലെ വിജ്ഞാപനത്തിലും ജലവിതരണ പദ്ധതികൾക്ക് യാതൊരു പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനവും നിർദ്ദേശിക്കുന്നില്ല എന്നും സർക്കാർ പ്രസ്താവിച്ചു.

ഈ മറുപടി ന്യായീകരിക്കാവുന്നതല്ല കാരണം ഉപ്പുവെള്ളം കയറാതിരിക്കാനുള്ള തടയണയുടെ ഫലപ്രാപ്തിയെ ആശ്രയിച്ചായിരിക്കും ഈ പദ്ധതിയുടെ വിജയം എന്നതിനാൽ തടയണയുടെ നിർമ്മാണം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ നിർദ്ദിഷ്ട ജല വിതരണ പദ്ധതി ഏറ്റെടുക്കാൻ പാടുള്ളൂ എന്നും കൂടാതെ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിക്കുന്നതിനു മുൻപ് കേരള വാട്ടർ അതോറിറ്റി, ഉപ്പുവെള്ളം കയറാതിരിക്കാനുള്ള തടയണയുടെ നിർമ്മാണം ജലസേചനവകുപ്പ് പൂർത്തീകരിച്ചുവെന്ന് നിശ്ചയമായും ഉറപ്പാക്കേണ്ടതാണ് എന്നും കേരളസർക്കാർ വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ് (2018 ഒക്ടോബർ). അഷ്ടമുടിക്കായലും ശാസ്താംകോട്ടക്കായലും റാംസർ കൺവെൻഷനു കീഴിൽ അന്താരാഷ്ട്ര പ്രാധാന്യമുള്ള റാംസർ തണ്ണീർത്തടങ്ങളായി തരം തിരിച്ചിരിക്കുന്നതിനാലും ആയതിനാൽ അവയുടെ പരിപാലനം കേന്ദ്രസർക്കാർ 2010-ൽ പുറത്തിറക്കിയ തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) നിയമങ്ങൾ ക്കനുസൃതമായതിനാലും പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം നടത്താതിരുന്നതിന് കേരളസർക്കാർ പ്രസ്താവിച്ച കാരണങ്ങൾ ന്യായീകരി ക്കാനാവില്ല. അതിനാൽ ഉപ്പുവെള്ളം കയറാതിരിക്കാനുള്ള തടയണ എന്ന ഉദ്ദേശത്തോടെ കല്ലടയാറിന് കുറുകെയുള്ള നിർമ്മിതി വെയർ ആയാലും റഗുലേറ്റർ ആയാലും ഈ രണ്ട് റാംസർ സ്ഥലങ്ങളുടേയും പരിസ്ഥിതിയിൽ പ്രതികൂല സാഹചര്യങ്ങൾ സൃഷ്ടിച്ചേക്കാം എന്നതുകൊണ്ട് വിശദമായ ഒരു പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നത് ഉറപ്പുവരുത്താൻ കേരളസർക്കാർ ബാദ്ധ്യസ്ഥമാണ്.

നിർബന്ധമായും ചെയ്തിരിക്കേണ്ട പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം നടത്താത്തത്, കടപ്പുഴയിൽ കല്ലടയാറിന് കുറുകെയുള്ള റഗുലേറ്ററിന്റെ

---

96 വെള്ളത്തിന്റെ അളവ് ഉയർത്താനോ അല്ലെങ്കിൽ ഒഴുക്ക് നിയന്ത്രിക്കാനോ വേണ്ടി നദിക്ക് കുറുകെ പണിയുന്ന ഉയരം കുറഞ്ഞ അണക്കെട്ട്

97 കുടിവെള്ള വിതരണം നിറവേറ്റുന്നതിന് ആവശ്യമായ സംഭരണവും റെഗുലേറ്ററിന്റെ മുകൾഭാഗത്തേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് ഫലപ്രദമായി നിയന്ത്രിക്കുകയുമാണ് പ്രധാനലക്ഷ്യം. കൂടാതെ നദിയുടെ രണ്ട് കരകളുമായി ബന്ധിപ്പിക്കുമ്പോൾ ആശയവിനിമയ സൗകര്യങ്ങൾ, ഗതാഗതദൂരം, ആ പ്രദേശത്തെ തൊഴിലവസരങ്ങൾ എന്നിവ മെച്ചപ്പെടും. കല്ലടയാറിന് കുറുകെ ഉപ്പുവെള്ളം കയറാതിരിക്കാനുള്ള തടയണ നിർമ്മിക്കാനുള്ള നിർദ്ദേശം, 'ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ് (ഐഡിആർബി)' നദിക്ക് കുറുകെയുള്ള ഒരു റഗുലേറ്ററിന്റെ നിർമ്മാണം എന്നതാക്കി പരിഷ്കരിച്ചു.

98 കൂട്ടായ സമ്പർക്ക പരിപാടി

നിർമ്മാണത്തിന് ജലസേചനവകുപ്പിന് നൽകിയ ₹19 കോടിയുടെ മതിപ്പ് ചെലവിന്റെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞത് എന്നീ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ഈ ജലവിതരണ പദ്ധതി പൂർത്തീകരിക്കാനുള്ള സാദ്ധ്യത വിദൂരമാണ്. കല്ലടയാറിന് കുറുകെ ഉപ്പുവെള്ളം കയറാതിരിക്കാനുള്ള തടയണ നിർമ്മിക്കാമെന്ന് കേരള വാട്ടർ അതോറിറ്റിക്ക് ഉറപ്പൊന്നും നൽകിയിട്ടില്ലെന്നും ഈ ജോലിക്ക് വേണ്ടി ജലസേചന വകുപ്പ് ഇതേവരെ സാങ്കേതികാനുമതിയും നേടിയിട്ടില്ലായെന്നും ജലസേചനവകുപ്പ് ഓഡിറ്റിനോട് സ്ഥിരീകരിച്ചു (2018 മാർച്ചിലും 2018 ഏപ്രിലിലും).

നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ പമ്പിംഗ് മെയിനിനുവേണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി നൽകാൻ കേരള വാട്ടർ അതോറിറ്റി കാണിച്ച തിടുക്കവും തുടർന്ന് പണി നിർത്തിവച്ചതും ₹8.50 കോടിയുടെ [99] നിഷ്ഫല വ്യയത്തിന് കാരണമായതിന് പുറമെ കൊല്ലം ജലവിതരണപദ്ധതിയ്ക്കുള്ള അധിക ജലസ്രോതസ്സ് ലഭ്യമാക്കാൻ കഴിയാതിരിക്കുകയും ചെയ്തു.

**(എസ്. സുനിൽ രാജ്)**

**തിരുവനന്തപുരം,** **അക്കൗണ്ടന്റ് ജനറൽ**

**28 ജനുവരി 2020** **(ജനറൽ ആന്റ് സോഷ്യൽ സെക്ടർ ഓഡിറ്റ്), കേരളം**

**മേലൊപ്പിട്ടത്**

**(രാജീവ് മഹർഷി)**

**ന്യൂ ഡൽഹി,** **ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

**29 ജനുവരി 2020**

---

[99] കരാറുകാരന് കൊടുത്ത ₹6.67 കോടിയും ജോലി ചെയ്തതിന് കേരള വാട്ടർ അതോറിറ്റി കൊടുക്കാനുള്ള ₹1.83 കോടിയും ചേർത്ത് ₹8.50 കോടി.